തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ


വാല്യം 24 2019 ഒക്ടോബർ ലക്കം 10

## ആദ് ലിമിനാ സന്ദർശനം



മലങ്കരയ്ക്ക് വലിയ ഇടയന്റെ ശ്ലൈഹീക ആശീർവാദം
(23 – 09 – 2019, വത്തിക്കാൻ)

# 25-ാം ഓർമ്മപ്പെരുന്നാൾ



## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ

2019 ഒക്ടോബർ 10

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 2019 ഒക്ടോബർ ലക്കം 10

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 4/2019

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 89-ാം പുനരൈക്യവാർഷിക സഭാസംഗമവും ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിന്റെ ശതാബ്ദി ആഘോഷവും സംയുക്തമായി 2019 സെപ്തംബർ 18, 19, 20 തീയതികളിലായി കോട്ടയം ഗിരിദീപം സ്കൂൾ അങ്കണത്തിൽ നടത്തപ്പെടുകയാണ്. പ്രളയ ദുരിതങ്ങളുടെ പശ്ചാത്തലത്തിൽ ആർഭാടങ്ങളും, ആഢംബരങ്ങളും ഒഴിവാക്കി സഭാകൂട്ടായ്മയിലുള്ള നമ്മുടെ ബന്ധത്തെ ഉറപ്പിക്കാനുള്ള വേദിയായി കണ്ടുകൊണ്ട് ഈ സഭാസംഗമത്തിൽ പങ്കുചേരാൻ സഭാമക്കളേവരെയും ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

17-ാം നൂറ്റാണ്ടുവരെ ഈ മണ്ണിൽ ക്രൈസ്തവസഭ ഒരു കൂട്ടായ്മയായി നിലകൊണ്ടു. 1653-ലെ കൂനൻകുരിശുസത്യം മുതലുള്ള കാലഘട്ടം മലങ്കരസഭ അനേകം വിഭജനങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ആ പിളർപ്പുകൾക്ക് ഭാഗികമായ ശമനമുണ്ടായത് 1930-ൽ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തോടുകൂടിയാണ്. 20-ാം നൂറ്റാണ്ടിലെ നിരവധി സഭൈ

ക്യസംരംഭങ്ങളിൽ ഇതുമാത്രമേ ഫലപ്രാപ്തിയിലെത്തിയുള്ളൂ. ലത്തീൻസഭയിൽ ലയിക്കാതെ പൂർണ കത്തോലിക്കാകൂട്ടായ്മ യിൽ പ്രവേശിച്ച ഭാരതത്തിലെ ഐക്യസംരഭവുമാണിത്. രണ്ട് സഭകളെ സമ്പൂർണകൂട്ടായ്മയിൽ എത്തിച്ച പുനരൈക്യം ഒരു പുതിയ കാൽവയ്പായിരുന്നു.

കൂനൻകുരിശുസത്യം നടന്ന നാൾമുതൽ (1653) നമ്മുടെ പൂർവപിതാക്കന്മാർ പുനരൈക്യത്തിനായി അശ്രാന്തം പരിശ്രമിച്ചു കൊണ്ടിരുന്നു. പ്രത്യേകിച്ച് 6-ാം മാർത്തോമ്മാ എന്നറിയപ്പെടുന്ന മാർ ദിവന്നാസിയോസ് (1761–1808) പുലിക്കോട്ടിൽ മാർ ദിവന്നാസി യോസ് (1865–1909) എന്നീ വന്ദ്യ പിതാക്കന്മാരുടെ പരിശ്രമങ്ങൾ എടുത്തുപറയേണ്ടതാണ്. പുലിക്കോട്ടിൽ തിരുമേനി നിധിരിക്കൽ മാണി കത്തനാരുമൊത്ത് റോമുമായി ഐക്യചർച്ചകൾ നടത്തി യിരുന്നു. 1926–ൽ ഓർത്തഡോക്സ് സഭാനേതാക്കന്മാർ മാർ ഈവാ നിയോസ് പിതാവിനെ റോമുമായുള്ള സഭൈക്യചർച്ചകൾക്ക് നിയോഗിച്ചപ്പോൾ ഈ കാര്യങ്ങൾ ഒരു പിൻബലമായി നിലകൊണ്ടു. റോമിൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായുള്ള കൂട്ടായ്മ കൊണ്ടുമാത്രമേ മലങ്കര സഭയ്ക്ക് ശാശ്വത ശാന്തിയും സമാധാനവും പുരോഗതിയും ഉണ്ടാകുകയുള്ളൂ എന്ന മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യമാണ് ഉറച്ച ചുവടുകളോടെ പുനരൈക്യമെന്ന തീരത്തണയാൻ വന്ദ്യ പിതാവിന് പ്രേരണയായത്. ആ ബോധ്യവും ദർശനവും സത്യമാണെന്ന് കാലം തെളിയിച്ചു.

1926–1930 കാലയളവിൽ മാർ ഈവാനിയോസ് പിതാവ് റോമി നോട് മലങ്കര സഭയ്ക്കുവേണ്ടി ആവശ്യപ്പെട്ട കാര്യങ്ങൾ ഇന്ന് ഫലപ്രാപ്തിയിലെത്തിയിരിക്കുകയാണ്. പാത്രിയർക്കീസിന് തുല്യമായ അധികാരമുള്ള ഒരു സഭാദ്ധ്യക്ഷനും സിനഡും ലഭി ക്കുക എന്നുള്ളതും, മലങ്കരമക്കൾ ഉള്ളിടത്തെല്ലാം അജപാലനാ ധികാരം തരണമെന്നുള്ളതും അന്ന് വന്ദ്യപിതാവ് റോമിന് സമർപ്പിച്ച അപേക്ഷകളായിരുന്നു. പുനരൈക്യപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാസഭയെ 2005–ൽ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി റോമിലെ തിരുസിംഹാസനം ഉയർത്തിയതും, സഭാ ധ്യക്ഷനെ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവായായി ഉയർത്തിയതും, സിനഡൽ ഭരണക്രമമുണ്ടായതും ഇന്ത്യയിൽ എല്ലായിടത്തും ലോകത്തിന്റെ പലഭാഗങ്ങളിലും മലങ്കര സുറി യാനി കത്തോലിക്കർ അധിവസിക്കുന്നിടങ്ങളിലെല്ലാം മേജർ ആർച്ച്ബിഷപ്പിന് അജപാലനാധികാര സ്വാതന്ത്ര്യം ലഭ്യമായതും

ആ ദീർഘവീക്ഷണത്തിന്റെ അനന്തരഫലങ്ങളാണ്. അതോടൊപ്പം കർദിനാൾ സ്ഥാനലബ്ധിയോടുകൂടി സാർവത്രിക സഭാഭരണത്തിൽ മലങ്കര സഭാധ്യക്ഷന് ഭാഗഭാഗിത്വവും ലഭിച്ചു.

നമ്മുടെ സഭാസംഗമം ഈ ദൈവനടത്തിപ്പുകളെ നന്ദിയോടെ ഓർക്കുന്നതിനും കൂട്ടായ്മയിൽ വളരുന്നതിനുമുള്ള ഒരു വേദികൂടിയാണ്. 89-ാം പുനരൈക്യവാർഷിക സഭാസംഗമം മലങ്കര സഭയൊന്നാകെ ആഘോഷിക്കുമ്പോൾ അതിനോട് ചേർന്ന് ബഥനി ആശ്രമത്തിന്റെ ശതാബ്ദികൂടി നാം ആഘോഷിക്കുകയാണ്. മലങ്കര സുറിയാനി സമുദായം ആദ്ധ്യാത്മിക ജീവിതശോഷണത്തിന്റെ അസാധാരണമായ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോയപ്പോൾ അതിനെ ആദ്ധ്യാത്മികമായി നവീകരിക്കാനും സുവിശേഷവത്കരണമെന്ന സഭയുടെ അടിസ്ഥാനദൗത്യം അരക്കിട്ടുറപ്പിക്കാനുള്ള മാർഗമായിട്ടാണ് 1919 ആഗസ്റ്റ് 15-ന് പെരുന്നാട്ടിലെ മുണ്ടൻമലയിൽ ബഥനി സന്യാസപ്രസ്ഥാനത്തിന് മാർ ഈവാനിയോസ് പിതാവ് തുടക്കംകുറിക്കുന്നത്. പൗരസ്ത്യ ക്രിസ്തീയ സന്യാസത്തിന്റെയും, ഭാരതീയ സന്യാസദർശനങ്ങളുടെയും പിൻബലത്തിലാണ് ഈ പുതിയ ജീവിതചര്യയ്ക്ക് രൂപം നൽകിയത്. പുനരൈക്യപ്രവർത്തനങ്ങൾക്ക് പിതാവിന് പിൻബലമേകിയതും ഈ സന്യാസജീവിതചര്യയായിരുന്നു. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത പ്രേഷിത ശുശ്രൂഷാമേഖലകളിൽ ബഥനി സന്യാസസമൂഹം പ്രവർത്തിക്കുന്നു. ഈ ശുശ്രൂഷകളെയെല്ലാം നന്ദിയോടെ ഓർക്കുന്നതിനൊപ്പം എല്ലാ ബഥാന്യർക്കും സഭയുടെ ആദരവും അഭിനന്ദനവും അറിയിക്കുന്നു. ബഥനി ആശ്രമത്തെപ്രതി കർത്താവിനോട് നമുക്ക് സഭയായി നന്ദിയർപ്പിക്കാം. തുടർന്നും പരി. റൂഹാ ബഥനിയെ സജീവസമർപ്പണത്തിൽ സ്ഥിരീകരിക്കട്ടെ!

ഈ വർഷത്തെ പുനരൈക്യവാർഷികവും സഭാസംഗമവും 2019 സെപ്തംബർ 18, 19, 20 തീയതികളിലായി കോട്ടയത്തുള്ള ഗിരിദീപം സ്കൂൾ അങ്കണത്തിൽവച്ചാണ് നടത്തപ്പെടുന്നത്. 18-ാം തീയതി വൈകിട്ട് 5.30 മണിക്ക് വിവിധ ഭദ്രാസനങ്ങളിൽനിന്ന് എം.സി.വൈ.എം., എം.സി.എ. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ എത്തിച്ചേരുന്ന ഛായാചിത്ര, ദീപശിഖാപ്രയാണങ്ങൾക്ക് സമ്മേളന നഗറിൽ സ്വീകരണം നൽകും. തുടർന്ന് എം.സി.വൈ.എം.ന്റെ സഭാതല ക്വിസ് മത്സരം നടക്കും. 19-ാം തീയതി രാവിലെ വിവിധ സംഗമങ്ങൾ ഉണ്ടായിരിക്കും. തുടർന്ന് വൈകിട്ട് 5.30-ന്

സഭാതല സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷ സന്ധ്യ. 20-ാം തീയതി രാവിലെ 8 മണിക്ക് ആഘോഷമായ വി. സമൂഹബലി തുടർന്ന് പൊതുസമ്മേളനം. സ്നേഹ വിരുന്നോടെ പരിപാടികൾ സമാപിക്കും. ഈ ആഘോഷപരിപാടികളിൽ സംബന്ധിച്ച് സഭയോടുള്ള ബന്ധവും സ്നേഹവും നമുക്ക് പ്രകടിപ്പിക്കാം. അതിനായി നിങ്ങളേവരെയും ഹൃദയപൂർവം ഞാൻ സ്വാഗതം ചെയ്യുന്നു.

**ആദ് ലിമിന സന്ദർശനം**

കത്തോലിക്കാ സഭയിലെ ഓരോ വ്യക്തിഗതസഭയിലെയും പിതാക്കന്മാർ സഭാധ്യക്ഷന്റെ നേതൃത്വത്തിൽ അഞ്ചുവർഷത്തിലൊരിക്കൽ വി. പത്രോസിന്റെ പിൻഗാമിയും സാർവത്രിക സഭാതലവനുമായ മാർപാപ്പായെ ഔദ്യോഗികമായി സന്ദർശിച്ച് തങ്ങളുടെ ഭദ്രാസന ങ്ങളെക്കുറിച്ചും, അതിന്റെ സാഹചര്യങ്ങളെക്കുറിച്ചും സ്ഥിതിവിവരങ്ങളെക്കുറിച്ചുമുള്ള പഠനറിപ്പോർട്ട് നൽകുന്ന സന്ദർശനത്തിനാണ് ആദ് ലിമിന വിസിറ്റ് (*Ad Limina Apostolorum*) എന്ന് പറയുന്നത്. നമ്മുടെ സഭയുടെ ആദ് ലിമിന സന്ദർശനം 2019 സെപ്തംബർ 22 മുതൽ 28 വരെയുള്ള തീയതികളിലായി റോമിൽ നടക്കും. നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും ഈ സന്ദർശനത്തിൽ പങ്കെടുക്കുന്നതിനായി 21-ാം തീയതി റോമിലേക്ക് പോകും. 23-ാം തീയതി നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും പരി. ഫ്രാൻസിസ് പാപ്പായോടൊത്ത് വി. കുർബാനയർപ്പിച്ച് സന്ദർശന ശുശ്രൂഷ ആരംഭിക്കുന്നതാണ്. സന്ദർശനത്തിന്റെ ഭാഗമായി പി. പത്രോസിന്റെ ബസ്ലിക്കാ, വി. പൗലോസിന്റെ ബസ്ലിക്കാ, ലാറ്ററൻ ബസ്ലിക്കാ, പരി. ദൈവമാതാവിന്റെ ബസ്ലിക്കാ എന്നീ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് അഭിവന്ദ്യ പിതാക്കന്മാർ നമ്മുടെ സഭയ്ക്കുവേണ്ടി കൂട്ടായ്മയായി പ്രാർത്ഥിക്കുന്നതാണ്. ഇതോടൊപ്പം റോമൻ കൂരിയായിലെ വിവിധ ഓഫീസുകളും അതിന് നേതൃത്വം നൽകുന്നവരെയും സന്ദർശിച്ച് കൂടികാഴ്ചകളും നടത്തും. ഈ സന്ദർശനം ഏറ്റം അനുഗ്രഹകരമായി ത്തീരാൻ ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമപ്പെടുത്തുന്നു.

**രണ്ടാമത് മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി**

നമ്മുടെ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ 8 മുതൽ 10 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ പട്ടം

കാതോലിക്കേറ്റ് സെന്ററിൽ നടക്കുകയാണ്. 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠനങ്ങളും, ആലോചനകളും, കൂടിവരവുകളും ഇതിനോടകം നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും, ഭദ്രാസനേതര പ്രദേശങ്ങളിലും, സന്യാസാശ്രമങ്ങളിലും നടന്നുകഴിഞ്ഞല്ലോ. അവിടെനിന്നുള്ള പ്രതിനിധികളാണ് സഭാ അസംബ്ലിയിൽ ഒരുമിച്ച് കൂടുന്നത്. ഈ കാലഘട്ടത്തിനനുസൃതമായ ഒരു വിഷയം പരിശുദ്ധാത്മാവ് നമ്മുടെ വിചിന്തനത്തിനും പ്രാർത്ഥനയ്ക്കുമായി നൽകിയിരിക്കുന്നു. കുടുംബങ്ങളെ സംബന്ധിക്കുന്ന നല്ല തീരുമാനങ്ങളും വിചിന്തനങ്ങളും നടത്തുവാൻ ഈ അസംബ്ലി മുഖാന്തിരമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 25-ാം ഓർമപ്പെരുന്നാൾ**


41 വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭാധ്യക്ഷനായിരുന്ന് നമ്മെ നയിച്ച ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 25-ാം ഓർമപ്പെരുന്നാൾ ഒക്ടോബർ 10-ാം തീയതി നാം കൊണ്ടാടുകയാണ്. പാവപ്പെട്ടവനോട് പക്ഷംചേരുകയും, സാമൂഹ്യപ്രതിബദ്ധതയോടെ സഭാശുശ്രൂഷകൾ നിർവഹിക്കുകയും, സഭാപ്രവർത്തനങ്ങളെ കൂടുതൽ വിശാലമാക്കുകയും ചെയ്ത വന്ദ്യ പിതാവ് അതിനായി ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്. നാടിന്റെ പുരോഗതിക്കും, സമാധാനത്തിനും എപ്പോഴും മുന്നിട്ടിറങ്ങാൻ അഭിവന്ദ്യ പിതാവുണ്ടായിരുന്നു. അതുപോലെതന്നെ തീക്ഷ്ണമായ സഭാസ്നേഹവും, ശുശ്രൂഷകളോട് വ്യക്തമായ കൃത്യനിഷ്ഠയും കാഴ്ചപ്പാടും അഭിവന്ദ്യ പിതാവ് വച്ചുപുലർത്തിയിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വളർച്ചയിൽ നിർണായകമായ ഒരു സ്വാധീന ശക്തി അഭിവന്ദ്യ പിതാവിനുണ്ടായിരുന്നു. വന്ദ്യപിതാവിനെ നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യാം. ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് ഒക്ടോബർ 9-ാം തീയതി വൈകിട്ട് 6.30 മണിക്ക് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ സന്ധ്യാപ്രാർത്ഥനയും 10-ാം തീയതി രാവിലെ 7 മണിക്ക് ആഘോഷമായ വി. സമൂഹബലിയും കബറിൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കും.

ഈ കാലങ്ങളിൽ തുടരെത്തുടരെ നാം അഭിമുഖീകരിക്കുന്ന പ്രളയദുരിതങ്ങൾ കേരള സമൂഹത്തെയൊന്നാകെ ഭീതിദമായ

ഒരവസ്ഥയിൽ എത്തിച്ചിരിക്കുകയാണല്ലോ. വയനാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ ഈ വർഷം സംഭവിച്ച ദാരുണമായ പ്രകൃതി ദുരന്തങ്ങളിലും ഇരയായവരോടുള്ള സഭയുടെ കരുതലും, സ്നേഹവും, പ്രാർത്ഥനയും പ്രത്യേകം ഞാനറിയിക്കുകയാണ്. നമ്മുടെ ഐക്യദാർഢ്യം വ്യത്യസ്ത രീതികളിൽ നമ്മുടെ എല്ലാ ഭദ്രാസനങ്ങളുടെയും, ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ ബത്തേരി ഭദ്രാസനത്തോടും, ശ്രേയസ് സാമൂഹ്യ സേവന വിഭാഗത്തോടുചേർന്ന് നാം നിർവഹിച്ചുകൊണ്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും കഴിവുള്ളവിധം അവരെ സഹായിക്കുന്നതിനും ഏവരെയും സ്നേഹത്തോടെ ഞാൻ ആഹ്വാനം ചെയ്യുന്നു.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
01-09-2019

സ്വർഗ്ഗസ്ഥനായ....................

---

*N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

---

# സഭാ വാർത്തകൾ

## 89-ാം പുനരൈക്യവാർഷിക സഭാസംഗമവും ബഥനി ആശ്രമ ശതാബ്ദിയും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 89-ാം പുനരൈക്യ വാർഷികവും സഭാസംഗമവും ബഥനി ആശ്രമ ശതാബ്ദിയുടെ സഭാതല ആഘോഷവും 2019 സെപ്റ്റംബർ 18, 19, 20 തീയതികളിൽ കോട്ടയം ഗിരിദീപം ക്യാമ്പസിൽ തയ്യാറാക്കിയ മാർ ഈവാനിയോസ് നഗറിൽ നടന്നു.

2019 സെപ്റ്റംബർ 18-ാം തീയതി വൈകുന്നേരം പുനരൈക്യ വിളംബര ഘോഷയാത്ര ബഥനി ജനറലേറ്റിൽ നിന്നും പുനരൈക്യവാർഷിക സംഗമവേദിയായ മാർ ഈവാനിയോസ് നഗറിലേക്ക് നടന്നു. വിവിധ ഭദ്രാസനങ്ങളിൽ നിന്നും എത്തിച്ചേർന്ന ദീപശിഖ, പതാക, ഛായാചിത്ര പ്രയാണങ്ങൾ ഗിരിദീപം ക്യാമ്പസിലെ മാർ ഈവാനിയോസ് നഗറിൽ എത്തിച്ചേർന്നു. സന്ധ്യാനമസ്കാരത്തിനുശേഷം എം.സി.വൈ.എം. സഭാതല ക്വിസ് നടന്നു.

2019 സെപ്റ്റംബർ 19-ാം തീയതി രാവിലെ 7.00-ന് പ്രഭാത നമസ്കാരവും തുടർന്ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷനുമായ അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയും നടന്നു. അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി വചനസന്ദേശം നൽകി. 8.30-ന് മാർ ഈവാനിയോസ് നഗറിൽ ഒരുക്കിയിരിക്കുന്ന ബഥനി ശതാബ്ദി സ്മാരക എക്സിബിഷന്റെ ഉദ്ഘാടനം പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി നിർവ്വഹിച്ചു. തുടർന്ന് പേപ്പൽ പതാക, കാതോലിക്കാ പതാക, എം.സി.വൈ.എം., എം.സി.എ. പതാകകൾ അഭിവന്ദ്യ പിതാക്കന്മാർ ഉയർത്തി. തുടർന്ന് 9.15-ന് വിവിധ സഭാതല സംഗമങ്ങൾ നടത്തപ്പെട്ടു. പ്രധാനവേദിയായ മാർ ഈവാനിയോസ് നഗറിൽ എം.സി.വൈ.എം. സഭാതലസംഗമം നടത്തപ്പെട്ടു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. മുഖ്യസന്ദേശം നൽകി. ശ്രീ. എം.പി. ലിപിൻരാജ് ഐ.ആർ.പി.എസ്. ഉദ്ഘാടനം ചെയ്തു. എം.സി.വൈ.എം.

സഭാതല സമിതി അദ്ധ്യക്ഷൻ ശ്രീ. ടിനു കുര്യാക്കോസ് സംഗമത്തിന് അദ്ധ്യക്ഷത വഹിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് ചങ്ങനാശേരി അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ യുവജനങ്ങൾക്കുള്ള ക്ലാസ്സ് നയിച്ചു. ക്രമീകരണങ്ങൾക്ക് സഭാതല ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ നേതൃത്വം നല്കി.

മാർ തെയോഫിലോസ് നഗറിൽ നടന്ന എം.സി.എ. സഭാതലസംഗമം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. കോട്ടയം എം.പി. ശ്രീ. തോമസ് ചാഴിക്കാടൻ മുഖ്യ സന്ദേശം നൽകി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി അനുഗ്രഹ പ്രഭാഷണം നടത്തി. എം.സി.എ. സഭാതലസമിതി പ്രസിഡന്റ് ശ്രീ. വി. പി. മത്തായി അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും മുൻ സംസ്ഥാന ഡി.ജി.പി. യുമായ ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. (Rtd.) ക്ലാസ്സ് നയിച്ചു.

വൈകിട്ട് 5.30-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സഭാതല സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യ മാർ ഈവാനിയോസ് നഗറിലെ പ്രധാന വേദിയിൽ നടന്നു. സുവിശേഷസംഘത്തിന്റെ സഭാതല ചെയർമാൻ അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി ആമുഖസന്ദേശം നൽകി. റവ. സി. ഡോ. മേരി പ്രസാദ് ഡി.എം. വചനസന്ദേശം നൽകി. വി. കുർബാനയുടെ ആരാധനയോടും ആശീർവാദത്തോടുംകൂടെ സുവിശേഷസന്ധ്യ സമാപിച്ചു. റവ. സി. ഡോ. സോഫിയ പോൾ ഡി.എം.-ന്റെ ഡോക്ടറൽ പ്രബന്ധം "You will be my Witness" അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രകാശനം ചെയ്തു.

ആഘോഷങ്ങളുടെ പ്രധാനദിനമായ സെപ്റ്റംബർ 20-ന് രാവിലെ 8.00-ന് മാർ ഈവാനിയോസ് നഗറിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിക്കും അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർക്കും ആരാധനാക്രമപരമായ സ്വീകരണം നൽകി.

തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു. കാഞ്ഞിരപ്പള്ളി രൂപത സഹായ മെത്രാൻ മാർ ജോസ് പുളിക്കൽ വചനസന്ദേശം നൽകി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആരാധനയ്ക്ക് സഹായകമായി ലിറ്റർജിക്കൽ കമ്മീഷൻ തയ്യാറാക്കി പുനഃപ്രസിദ്ധീകരിക്കുന്ന വേദവായനകൾ (Lectionary) അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അഭിവന്ദ്യ കൂറിലോസ് തിരുമേനിയ്ക്കും അഭിവന്ദ്യ ഇഗ്നാത്തിയോസ് തിരുമേനിയ്ക്കും നൽകി പ്രകാശനം ചെയ്തു.

തുടർന്ന് 90-ാം പുനരൈക്യ വാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന മാവേലിക്കര ഭദ്രാസനത്തിന് പതാക കൈമാറി. അതേത്തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ 89-ാം പുനരൈക്യ വാർഷിക സഭാസംഗമത്തിന്റെ ആഘോഷകമ്മിറ്റികളുടെ ജനറൽ കൺവീനറും ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിന്റെ ജനറൽ സുപ്പീരിയറുമായ വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. സ്വാഗതം ആശംസിച്ചു. ബഥനി സന്യാസ സമൂഹത്തിന്റെ സഭാതല ശതാബ്ദി ആഘോഷങ്ങൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥിയായി സംബന്ധിച്ച ആലുവ അദ്വൈതാശ്രമത്തിലെ സ്വാമി ശിവസ്വരൂപാനന്ദ മുഖ്യസന്ദേശം നൽകി. കോട്ടയം അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് അനുഗ്രഹപ്രഭാഷണം നൽകി. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി രചിച്ച 60 ലേഖനങ്ങളുടെ സമാഹാരമായ "വിളക്കും വെളിച്ചവും" എന്ന ഗ്രന്ഥം അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി വെരി റവ. മദർ ജെൽസ് ഡി.എം.-ന് നൽകി പ്രകാശനം ചെയ്തു. തുടർന്ന് പൂനെ ബഥനി വിദ്യാപീഠത്തിൽ നടന്ന ദൈവശാസ്ത്ര കൊളോക്കിയത്തിന്റെ പ്രബന്ധങ്ങളുടെ സമാഹാരവും

തിരുവനന്തപുരം മേജർ അതിഭദ്രാസന ചാൻസിലർ റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിലിന്റെ ഡോക്ടറൽ പ്രബന്ധം ബാംഗ്ലൂർ ധർമ്മാരാം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന "The Juridical Figure of Catholicos in the Catholic Church" എന്ന പുസ്തകം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി തിരുവല്ലാ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ചെറിയാൻ താഴമണിന് നൽകി പ്രകാശനം ചെയ്തു. 89-ാം പുനരൈക്യ വാർഷിക സഭാസംഗമത്തിന്റെ ആഘോഷകമ്മിറ്റികളുടെ ജനറൽ സെക്രട്ടറി റവ. ഡോ. വർഗീസ് മനക്കലേത്ത് കൃതജ്ഞത അറിയിച്ചു.

## ആദ് ലിമിന സന്ദർശനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ് ലിമിന സന്ദർശനം 2019 സെപ്റ്റംബർ 22 മുതൽ റോമിൽ നടന്നു. സെപ്റ്റംബർ 22-ന് ഉച്ചകഴിഞ്ഞ് 3.30-ന് റോമിലെ മലങ്കര കൂട്ടായ്മയുടെ സംഗമത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യ പിതാക്കന്മാരും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ സ്ഥാനിക ദൈവാലയമായ റോമിലെ സാൻ ഗ്രിഗോറിയോ ദൈവാലയത്തിൽ വച്ച് വി. കുർബാന അർപ്പിച്ചു.

സെപ്റ്റംബർ 23-ന് രാവിലെ 6.30-ന് പരി. ഫ്രാൻസിസ് മാർപാപ്പയുടെ വസതിയായ സാന്താ മാർത്തായിലെ ചാപ്പലിൽ പരി. പിതാവിനോടൊപ്പം വി. കുർബാന അർപ്പിച്ചു. രാവിലെ 10.00-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം എല്ലാ മെത്രാപ്പോലീത്താ തിരുമേനിമാരും പരി. ഫ്രാൻസിസ് മാർപാപ്പയെ ഔദ്യോഗിക വസതിയിൽ സന്ദർശിച്ച് വി. പത്രോസിന്റെ പിൻഗാമി യോടുള്ള വിധേയത്വം പ്രഖ്യാപിക്കുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അജപാലന പ്രവർത്തനങ്ങൾ വിലയിരു ത്തുകയും ശ്ലൈഹിക ആശീർവാദം സ്വീകരിക്കുകയും ചെയ്തു. "പ്രയാസങ്ങളുടെ മദ്ധ്യേയും ദൈവകരുണയുടെ ശുശ്രൂഷ അഭംഗുരം തുടരണം" എന്ന് പരി. പിതാവ് ആഹ്വാനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉപഹാരമായി നിലവിളക്ക് പരി. ഫ്രാൻസിസ് മാർപാപ്പായ്ക്ക് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി സമ്മാനിച്ചു. ഉച്ചയ്ക്ക് 12.00-ന് സെക്രട്ടറി ഓഫ്

സ്റ്റേറ്റ് കാര്യാലയത്തിൽ സന്ദർശനം നടത്തി. വൈകുന്നേരം 4.00-ന് സഭൈക്യ ശുശ്രൂഷകൾക്ക് വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ ഫോർ ക്രിസ്റ്റ്യൻ യൂണിറ്റി എന്ന തിരുസംഘത്തിൽ സന്ദർശനം നടത്തി.

സെപ്റ്റംബർ 24-ന് രാവിലെ 9.30-ന് മതാന്തര സംവാദങ്ങൾക്കുവേണ്ടിയുള്ള തിരുസംഘവും 11.30-ന് വിശ്വാസ തിരുസംഘവും സന്ദർശിച്ചു. ഉച്ചയ്ക്ക് 1.00-ന് പരി. പിതാവിനോടൊപ്പം ഉച്ചഭക്ഷണത്തിൽ സംബന്ധിച്ചു. വൈകുന്നേരം 4.30-ന് വി. പൗലോസ് ശ്ലീഹായുടെ ബസിലിക്കായും കബറിടവും സന്ദർശിച്ച് പ്രാർത്ഥിച്ചു.

സെപ്റ്റംബർ 25-ന് രാവിലെ 10.00-ന് വിശ്വാസ പ്രചാരണത്തിനായുള്ള തിരുസംഘത്തിൽ എത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷ ശുശ്രൂഷകളും അജപാലന പ്രവർത്തനങ്ങളും വിലയിരുത്തി.

സെപ്റ്റംബർ 26-ന് രാവിലെ 7.00-ന് സെന്റ് പീറ്റേഴ്സ് ബസിലിക്കായിലെ വി. പത്രോസ് ശ്ലീഹായുടെ കബറിൽ വി. കുർബാന അർപ്പിച്ചു. 11.00-ന് വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘം സന്ദർശിച്ചു. വൈകുന്നേരം 7.00-ന് ഡമഷീനോ കോളേജിൽ എത്തി സന്ധ്യാപ്രാർത്ഥനയിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ ബഹുമാനാർത്ഥം തയ്യാറാക്കിയ അത്താഴ വിരുന്നിൽ സംബന്ധിച്ചു.

സെപ്റ്റംബർ 27-ന് രാവിലെ 9.00-ന് റോമിലെ ലാറ്ററൻ ബസിലിക്ക സന്ദർശിച്ച് പ്രാർത്ഥിച്ചു. തുടർന്ന് മരിയ മജോറെ ബസിലിക്കായിലെത്തി വി. കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് 12.30-ന് പൗരസ്ത്യ തിരുസംഘം സന്ദർശിച്ചു.

## ദ്വിതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ 8, 9, 10 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടക്കും. 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന അസംബ്ലി രാവിലെ 10.30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി

ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. പട്ടം സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയത്തിൽ പ്രത്യേകം തയ്യാറാക്കുന്ന വേദിയിലാണ് അസംബ്ലി നടക്കുന്നത്. 200-ൽ പരം പ്രതിനിധികൾ സംബന്ധിക്കും. 'കൃപ നിറയുന്ന കുടുംബ' ങ്ങൾ എന്ന ആലോചനാ വിഷയത്തിൽ അധിഷ്ഠിതമായി നടക്കുന്ന അസംബ്ലിയിൽ ചർച്ചകൾക്ക് സഹായകമായി ആലോചനാ പ്രബന്ധം അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി അവതരിപ്പിക്കും. 10-ാം തീയതി രാവിലെ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 25-ാം ഓർമ്മപ്പെരുന്നാളിലെ വി. കുർബാനയോടുകൂടി സഭാ അസംബ്ലി സമാപിക്കും.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വേദവായനകൾ

ഞായറാഴ്ചകളിലെയും പെരുനാൾ ദിവസങ്ങളിലെയും പഴയനിയമ-ലേഖന-സുവിശേഷ വായനകൾ പുനഃപ്രസിദ്ധീകരിച്ചു. 89-ാം പുനരൈക്യവാർഷികത്തോട് അനുബന്ധിച്ച് നടന്ന സംഗമത്തിൽ വച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വേദവായനകൾ പ്രകാശനം ചെയ്തു. നമ്മുടെ എല്ലാ ദൈവാലയങ്ങളിലെയും ഇവ ലഭ്യമാക്കാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 10 മുതൽ ഇത് പട്ടം സെന്റ് ഇഗ്നേഷ്യസ് സെന്ററിൽ നിന്നും വാങ്ങാവുന്നതാണ്.

## 'വിളക്കും വെളിച്ചവും'

89-ാം പുനരൈക്യവാർഷികത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ വച്ച് തിരുവനന്തപുരം കാർമ്മൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന, അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ 60 ലേഖനങ്ങളുടെ സമാഹാരമായ "വിളക്കും വെളിച്ചവും" എന്ന ഗ്രന്ഥം അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി വെരി റവ. മദർ ജൈൽസ് ഡി.എം.-ന് നൽകി പ്രകാശനം ചെയ്തു. അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ഷഷ്ടിപൂർത്തി സ്മാരകമാണ് 60 ലേഖനങ്ങൾ അടങ്ങിയ ഈ പുസ്തകം. പ്രമുഖ ബുക്ക് സ്റ്റാളുകളിൽ ഇത് ലഭ്യമാണ്.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## ദൈവാലയ മൂറോൻ കൂദാശ – പിരപ്പൻകോട്

കിളിമാനൂർ വൈദികജില്ലയിലെ പിരപ്പൻകോട് മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പുനർനിർമ്മിച്ച ദൈവാലയത്തിന്റെ മൂറോൻ കൂദാശാകർമ്മം 2019 സെപ്റ്റംബർ 5–ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. വി. മദർ തെരേസായുടെ നാമത്തിലാണ് ഈ ദേവാലയം പ്രതിഷ്ഠിച്ചിരിക്കുന്നത്. മേജർ അതിഭദ്രാസനത്തിൽ വി. മദർ തെരേസായുടെ നാമത്തിൽ കൂദാശ ചെയ്യപ്പെടുന്ന ആദ്യ ദൈവാലയമാണിത്. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. ഇടവക വികാരി വെരി റവ. ഫാ. ജോസ് കിഴക്കേടത്ത് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ദൈവാലയ കൂദാശ – മഞ്ഞമല

കഴക്കൂട്ടം വൈദികജില്ലയിലെ മഞ്ഞമല സെന്റ് ജൂഡ് മലങ്കര സുറിയാനി ഇടവകയുടെ നവീകരിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2019 സെപ്റ്റംബർ 17–ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. ബനഡിക്ട് കൂടത്തുമണ്ണിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## കുരിശ്ശടി കൂദാശ – കൊറളിയോട്

നെടുമങ്ങാട് വൈദികജില്ലയിലെ കൊറളിയോട് സെന്റ് പോൾസ് മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച പരി. ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശ്ശടിയുടെ കൂദാശാകർമ്മം 2019 സെപ്റ്റംബർ 7–ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി വെരി റവ. ഫാ. തോമസ് കയ്യാലയ്ക്കൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## കുരിശ്ശടി കൂദാശ – കോഴിയോട്

നെടുമങ്ങാട് വൈദികജില്ലയിലെ കോഴിയോട് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച പരി. ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശ്ശടിയുടെ കൂദാശാകർമ്മം 2019 സെപ്റ്റംബർ 7–ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. മാത്യു റെജി ഒ.ഐ.സി. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## വൈദിക മന്ദിര കൂദാശ – പോത്തൻകോട്

പോത്തൻകോട് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ കൂദാശാകർമ്മം 2019 സെപ്റ്റംബർ 16–ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. മാത്യു ചരിവുകാലായിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## മാർ ഈവാനിയോസ് വിദ്യാനഗറിലെയും സെന്റ് മേരീസ് ക്യാമ്പസിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധ്യാപകരുടെ സംഗമം

മാർ ഈവാനിയോസ് വിദ്യാ നഗറിലെയും പട്ടം സെന്റ് മേരീസ് ക്യാമ്പസിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ Auxiliary Staff -ന്റെ സംഗമം നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ 2019 സെപ്റ്റംബർ 17–ന് നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഈ സംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഈ അവസരത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയ്ക്ക് ഷഷ്ടിപൂർത്തിയുടെ മംഗളങ്ങൾ ആശംസിച്ച് Auxiliary Staff-ന്റെ പ്രതിനിധിയായി ശ്രീ. ശ്രീജു സംസാരിച്ചു. ഈ സംഗമത്തിൽ പങ്കെടുത്ത എല്ലാ സ്റ്റാഫംഗങ്ങൾക്കും അത്യഭിവന്ദ്യ ബാവാ തിരുമേനി ഓണസമ്മാനം നൽകി. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാർ, ഡയറക്ടർമാർ, ബർസാർമാർ എന്നിവരും സംബന്ധിച്ചു. ക്രമീകരണങ്ങൾക്ക് റവ. ഫാ. കോശി ചിറക്കരോട്ട് നേതൃത്വം നൽകി.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെ **വാർഷികധ്യാനം** 2019 ഒക്ടോബർ 28 വൈകുന്നേരം 6.00 മുതൽ നവംബർ 1 വരെ പാലാ അൽഫോൺസിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കും. തലശ്ശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി തിരുമേനി ധ്യാനം നയിക്കും. 2019 ഒക്ടോബർ 28 തിങ്കൾ രാവിലെ 10.30-ന് തിരുവനന്തപുരത്ത് നിന്ന് ഇതിനുള്ള യാത്രാക്രമീകരണം ഉണ്ടായിരിക്കുന്നതാണ്. മേജർ അതിഭദ്രാസന കേന്ദ്രത്തിൽ നിന്നും ക്രമീകരിക്കുന്ന വാഹനത്തിൽ പോകുവാൻ ആഗ്രഹിക്കുന്ന ബഹു. വൈദികർ 2019 ഒക്ടോബർ 20-ന് മുമ്പായി വിവരം ചാൻസിലറെ അറിയിക്കേണ്ടതാണ് (ഫോൺ: 9447399959).

- ചാൻസിലർ

## 2019-2020 സാമ്പത്തിക വർഷം
## അരമനയിൽ നൽകേണ്ട പൊതു പിരിവുകൾ

1. 2019 ഏപ്രിൽ 14 (ഓശാന ഞായർ) - സാമൂഹ്യക്ഷേമ ദിനം (കാണിക്ക)
2. 2019 ഏപ്രിൽ 19 (ദുഃഖവെള്ളി) - വിശുദ്ധനാട് (കാണിക്ക)
3. 2019 ഏപ്രിൽ 28 (പുതുഞായർ) - സെമിനാരി ദിനം (കാണിക്ക)
4. 2019 മെയ് 5 - അല്മായ ദിനം (കാണിക്ക)
5. 2019 ആഗസ്റ്റ് 4 - സണ്ടേസ്കൂൾ ദിനം (കാണിക്ക + കവർ)
6. 2019 ആഗസ്റ്റ് 18 - സാമൂഹ്യ നീതി ഞായർ (കാണിക്ക)
7. 2019 ഒക്ടോബർ 6 - യുവജനദിനം (കാണിക്ക)
8. 2019 ഒക്ടോബർ 20 - മിഷൻ ഞായർ (കാണിക്ക + കവർ)
9. 2019 നവംബർ 17 - സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം
10. 2019 ഡിസംബർ 29 - ബൈബിൾ ഞായർ (കാണിക്ക)
11. 2020 ജനുവരി - മേജർ ആർച്ചുബിഷപ്സ് ചാരിറ്റി ഫണ്ട്
12. 2020 ഫെബ്രുവരി 2 - കാതോലിക്കാ ദിനം (കാണിക്ക)
13. 2020 ഫെബ്രുവരി 9 - ബാലസഖ്യദിനം

- പ്രൊക്യുറേറ്റർ

## സർഗ്ഗോത്സവം 2019

വിശ്വാസ പരിശീലന കാര്യാലയത്തിന്റെ നേതൃത്വത്തിൽ മേജർ അതിഭദ്രാസന തലത്തിലുള്ള 'സർഗ്ഗോത്സവം 2019' ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് രാവിലെ 9.30 മുതൽ 5 സ്റ്റേജുകളിലായി മത്സരങ്ങൾ നടത്തപ്പെടുന്നു. ഉച്ചയ്ക്കു ശേഷം നടക്കുന്ന സമാപന സമ്മേളനത്തിൽ വച്ച് കലാ, രചനാ മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. അതോടൊപ്പം 2018-2019 അദ്ധ്യയനവർഷത്തിലെ 10,12 സർട്ടിഫിക്കറ്റ് പരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ, കുട്ടികളുടെ ഡയറി, ടീച്ചേഴ്സ് ഡയറി തുടങ്ങിയവയ്ക്ക് മേജർ അതിഭദ്രാസനതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്ക് അർഹരായവർക്കുള്ള ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതായിരിക്കും.

## ഒന്നാം സെമസ്റ്റർ പരീക്ഷ

2019-2020 അദ്ധ്യയനവർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 10-ാം തീയതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെടുന്നു. ഉത്തര കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി മാർക്കു ലിസ്റ്റ് ഇടവകയിൽ സൂക്ഷിക്കുകയും പ്രൊമോഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം.

## ചോദ്യപേപ്പർ വിതരണം

2019 ലെ ആദ്യ സെമസ്റ്റർ ചോദ്യപേപ്പർ നവംബർ 1 നുശേഷം അതാതു ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ചോദ്യപേപ്പർ കൈപ്പറ്റാവുന്നതാണ്.

## Question Bank

മേജർ അതിഭദ്രാസനത്തിലെ എല്ലാ അദ്ധ്യാപകരുടേയും പ്രയത്നത്തിന്റെ ഫലമായി **Question Bank** (ടെക്സ്റ്റ് ബുക്ക്) പുതുതായി രൂപപ്പെടുത്തി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ മതാദ്ധ്യാപകർക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു. 2019-2020 അദ്ധ്യയനവർഷം മുതൽ ഇതിൽ നിന്നുമുള്ള ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്കു ചോദിക്കുന്നത്. മാതൃകാ ചോദ്യപേപ്പർ www.malankaratvm.com, www.catholicate.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്ഥിതി വിവരഫോം

മേജർ അതിഭദ്രാസന കാര്യാലയത്തിൽ ഇതുവരേയും ഈ അധ്യയന വർഷത്തെ സ്ഥിതിവിവര ഫോം എത്തിക്കാത്ത ഇടവകകൾ എത്രയും വേഗം നൽകണ്ടേതാണ്.

## എം.സി.വൈ.എം

# വുൾഗാത്ത 2019

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ക്വിസ്സ് മത്സരം 2019 സെപ്റ്റംബർ 1-ന് പിരപ്പൻകോട് സെന്റ് ജോൺസ് മെഡിക്കൽ വില്ലേജിൽ (സാനി ഭവൻ) വച്ച് നടത്തപ്പെട്ടു. മേജർ അതിഭദ്രാസനത്തിലെ ഒൻപത് വൈദികജില്ലകളിൽ നിന്നുള്ള 'തൂലിക' - ക്വിസ് മത്സരത്തിൽ വിജയിച്ച ടീമുകളാണ് വുൾഗാത്ത ക്വിസ്സ് മത്സരത്തിൽ പങ്കെടുത്തത്.

| | | | |
|---|---|---|---|
| ഒന്നാം സ്ഥാനം | തിരുവനന്തപുരം വൈദികജില്ല | കല്ലയം യൂണിറ്റ് | 1. അപർണ്ണ ജോയ്<br>2. ജീന റോബിൻ<br>3. അഞ്ജലി |
| രണ്ടാം സ്ഥാനം | കൊട്ടാരക്കര വൈദികജില്ല | വടകോട് യൂണിറ്റ് | 1. അഞ്ജിത റെയ്ച്ചൽ ബെഞ്ചമിൻ<br>2. സയിന മറിയം റോസ്<br>3. ഐശ്വര്യ ബഞ്ചമിൻ |
| മൂന്നാം സ്ഥാനം | നെടുമങ്ങാട് വൈദികജില്ല | കുതിരകളം യൂണിറ്റ് | 1. അപർണ്ണ<br>2. ആശ<br>3. ജിൻസി |

# യുവജന ദിനം

എം.സി.വൈ.എം.-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മത്തിരുന്നാളി (ഒക്ടോബർ 4) നോടനുബന്ധിച്ച് ഒക്ടോബർ 6 ഞായറാഴ്ച തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ എല്ലാ യൂണിറ്റുകളിലും എം.സി. വൈ.എം. ദിനമായി ആഘോഷിക്കുന്നു. എല്ലാ യൂണിറ്റുകളിലും വി. കുർബാനയ്ക്ക് ശേഷം പതാക ഉയർത്തുകയും എം.സി. വൈ.എം. മീറ്റിംഗും തുടർന്ന് യുവജനദിനാഘോഷം സംഘടിപ്പി ക്കേണ്ടതാണ്. "എന്റെ യൂണിറ്റ് എന്റെ അഭിമാനം" ക്യാമ്പയിന്റെ ഭാഗമായി യൂണിറ്റുകളിൽ സംഘടിപ്പിക്കുന്ന പ്രോഗ്രാമുകളുടെ ഒരു ഫോട്ടോ മേജർ അതിഭദ്രാസന, ഗ്ലോബൽ എം.സി.വൈ.എം. വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ അയയ്ക്കാവുന്നതാണ്. എം.സി.വൈ.എം. സഭാതല യുവജനദിനാഘോഷം ഒക്ടോബർ 5, 6 തീയതികളിൽ പുത്തൂർ ഭദ്രാസനത്തിൽ വച്ച് നടത്തപ്പെടുന്നു.

## സെൻസ് പ്രോജക്ട് ഓഡിറ്റ്

സെൻസ് ഇന്റർനാഷണൽ പദ്ധതിയുടെ പ്രോജക്ട് ഓഡിറ്റ് സെപ്റ്റംബർ 3,4,5 തീയതികളിൽ എംഎസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തി. പ്രോജക്ട് ഓഡിറ്റിനു വേണ്ടി സെൻസ് ഫിനാൻസ് പ്രോജക്ട് ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. റിച്ചാർഡ്, ശ്രീ. പ്രശാന്ത് എന്നിവർ എം.എസ്സ്.എസ്സ്.എസ്സ്. സന്ദർശിച്ച് ഓഡിറ്റ് റിപ്പോർട്ട് നൽകി.

## ഓണാഘോഷം

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തുന്ന ഓണാഘോഷ പരിപാടി ഈ വർഷം വട്ടപ്പാറ ശാന്തിമന്ദിരം മാനസികാരോഗ്യ കേന്ദ്രത്തിൽ വച്ചു 2019 സെപ്റ്റംബർ 6-ന് അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയുടെ സാന്നിദ്ധ്യത്തിൽ നടത്തി. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് സ്വാഗതം ആശംസിച്ചു. അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഓണസന്ദേശം നൽകി. മേജർ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രൊക്യുറേറ്റർ വെരി റവ. ഫാ. തോമസ് കയ്യാലയ്ക്കൽ, റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ, റവ. ഫാ. ജോൺസൺ കാക്കനാട്ട്, റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ, റവ. ഫാ. ആദർശ് കുമ്പളത്ത്, റവ.ഫാ. ജേക്കബ് ഇളമ്പള്ളൂർ, തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ ശ്രീ. ജോൺസൺ ജോസഫ്, എം.എസ്സ്.എസ്സ്.എസ്സ്. സ്റ്റാഫ് എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് അത്യഭിവന്ദ്യ ബാവാ തിരുമേനി അന്തേവാസികൾക്ക് ഓണസദ്യ വിളമ്പുകയും അവരോടൊപ്പം ഓണസദ്യ കഴിക്കുകയും ചെയ്തു. ശാന്തിമന്ദിരത്തിലെ അനാഥരായ അംഗങ്ങളെ പുനരധിവസിപ്പിക്കുന്ന ശ്രീ. സന്തോഷിനെയും കുടുംബത്തെയും അത്യഭിവന്ദ്യ ബാവാ തിരുമേനി അഭിനന്ദിച്ചു.



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ് ലിമിനാ സന്ദർശനവേളയിൽ
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യപിതാക്കന്മാരും
പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയോടൊപ്പം (23 – 09 – 2019, വത്തിക്കാൻ)



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉപഹാരം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയ്ക്ക്
സമ്മാനിക്കുന്നു. (23 – 09 – 2019, വത്തിക്കാൻ)



89 – ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് നടന്ന എം. സി. വൈ. എം. സഭാതലസംഗമം
(19 – 09 – 2019, മാർ ഈവാനിയോസ് നഗർ, കോട്ടയം)



89 – ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് നടന്ന എം. സി. എ. സഭാതലസംഗമം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.
(19 – 09 – 2019, മാർ തെയോഫിലോസ് നഗർ, കോട്ടയം)




അത്യഭിവന്ദ്യ കാതോലിക്കാതിരുമേനിയുടെ ലേഖന സമാഹാരം 'വിളക്കും വെളിച്ചവും' അഭിവന്ദ്യ കൂറിലോസ് തിരുമേനി പ്രകാശനം ചെയ്യുന്നു.
(20 – 09 – 2019, കോട്ടയം)



സഭാസംഗമത്തോടനുബന്ധിച്ച് തയ്യാറാക്കിയ എക്സിബിഷൻ – 'പ്രയാണം'
(19 – 09 – 2019, കോട്ടയം)

# 89-ാം പുനരൈക്യ വാർഷിക സഭാസംഗമവും ബഥനി ആശ്രമ ശതാബ്ദി ആഘോഷവും
## (20-9-2019, മാർ ഈവാനിയോസ് നഗർ, കോട്ടയം)













പൊതുസമ്മേളനം



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനഃപ്രസിദ്ധീകരിക്കുന്ന 'Lectionary' (വേദവായനകൾ) അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രകാശനം ചെയ്യുന്നു.
(19– 09 – 2019, കോട്ടയം)

## SAFP - F.F.T ( Family Facilitation Team ) മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ F.F.T. മീറ്റിംഗ് 2019 സെപ്റ്റംബർ 6-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ജിയാരാജ് മീറ്റിംഗിന് നേതൃത്വം നൽകി. ആനിമേറ്റേഴ്സ് ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിമി എസ്., ശ്രീമതി ഷീലാ രാജൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

## പ്രളയ അവലോകന മീറ്റിംഗ്

2019 സെപ്റ്റംബർ 7-ന് കേരള സോഷ്യൽ സർവ്വീസ് ഫോറം സ്റ്റാഫ് ശ്രീ. വർക്കി എം.എസ്സ്.എസ്സ്.എസ്സ്.-ൽ എത്തുകയും ദുരിതാശ്വാസ പ്രദേശങ്ങളെക്കുറിച്ച് അവലോകനം നടത്തി. തുടർന്ന് ദുരിതാബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും അവർക്ക് നൽകിയ ഉപജീവന മാർഗ്ഗങ്ങൾ കണ്ടു റിപ്പോർട്ട് നൽകുകയും ചെയ്തു.

## അദ്ധ്യാപക ദിനാചരണം

അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് DDU - GKY പദ്ധതിയിലെ കുട്ടികൾ 2019 സെപ്റ്റംബർ 7-ന് കേദാരം ഷോപ്പിംഗ് കോംപ്ലക്സിന്റെ മുന്നിൽ അദ്ധ്യാപകരും, വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധത്തെയും മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ രീതികളെയും ആസ്പദമാക്കി ഫ്ളാഷ് മോബും, സ്ട്രീറ്റ് പ്ലേയും നടത്തി. ഇതിന് പരിശീലനം നൽകിയത് എം.എസ്സ്.എസ്സ്.എസ്സ്. ട്രെയ്നേഴ്സായ റോസ്, സ്വീറ്റി, സെബിൻ എന്നിവരും, സെന്റർ ഹെഡ് ശ്രീമതി നിഷ മാത്യുവും ആണ്. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, കേദാരം കോംപ്ലക്സ് പ്രസിഡന്റ് ജി. പിള്ള എന്നിവർ സംസാരിച്ചു.

## ഓണാഘോഷ പരിപാടി

DDU - GKY കുട്ടികളുടെ ഓണാഘോഷം വിവിധ കലാപരിപാടികളോടെ എം.എസ്സ്. എസ്സ്.എസ്സ്.-ൽ വച്ചു 2019 സെപ്റ്റംബർ 7-ന് നടത്തി. എം.എസ്സ്.എസ്സ്.എസ്സ്. സ്റ്റാഫ് അംഗങ്ങളുടെ ഓണാഘോഷ പരിപാടി 2019 സെപ്റ്റംബർ 9-ന്

എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു അത്തപ്പൂക്കളത്തോടു കൂടി വിവിധ കലാപരിപാടികൾ നടത്തുകയുണ്ടായി. ഓണാഘോഷ പരിപാടിയിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രൊക്യുറേറ്റർ വെരി റവ. ഫാ. തോമസ് കയ്യാലയ്ക്കൽ, സുവിശേഷസംഘം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി, കാതോലിക്കേറ്റ് പ്രൊക്യുറേറ്റർ റവ. ഫാ. വർഗ്ഗീസ് അങ്ങാടിയിൽ, റവ. ഫാ. ജോർജ്ജ് കൈമലയിൽ എന്നിവർ പങ്കെടുത്തു. വിഭവ സമൃദ്ധമായ ഓണസദ്യയോടുകൂടി പരിപാടികൾ സമാപിച്ചു.

## സെൻസ് ഇന്റർനാഷണൽ - രക്ഷാകർത്തൃ പരിശീലന പരിപാടി തിരുവനന്തപുരം

സെൻസ് ഇന്റർനാഷണൽ പദ്ധതി ബധിരാന്ധ കുട്ടികളുടെ രക്ഷാകർത്തൃ പരിശീലന പരിപാടി 2019 സെപ്റ്റംബർ 23-ന് എം. എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെടുകയുണ്ടായി. പരിപാടിയിൽ റവ. ഫാ. തോമസ് മുകളുംപുറത്ത് രക്ഷകർത്താക്കളെ അഭിസംബോധന ചെയ്തു സംസാരിച്ചു. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. എബിൻ മാതാപിതാക്കളുടെ ഗ്രൂപ്പ് രൂപീകരിക്കുന്നതിനെപ്പറ്റിയും, ഇതുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുകയും, പരിപാടിയിൽ മെഡിക്കൽ ആന്റ് ന്യൂട്രീഷ്യൻ സാധനങ്ങൾ വിതരണം ചെയ്യുകയും, ഒരു കുട്ടിക്ക് വീൽചെയർ നൽകുകയും ചെയ്തു.

## SAFP കുടുംബ സഹായ പദ്ധതി - ബാലരാമപുരം, നെടുമങ്ങാട്

SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും 2019 സെപ്റ്റംബർ 23-ന് വിവിധ തൊഴിൽ പദ്ധതികൾക്ക് വേണ്ടി ബാലരാമപുരം റീജണലിലെ 8 കുടുംബങ്ങൾക്ക് 84,000 രൂപയും, നെടുമങ്ങാട് റീജണലിലെ 9 കുടുംബങ്ങൾക്ക് 1,04,000 രൂപയും ധനസഹായം നൽകി.

## SAFP കുടുംബ സഹായ പദ്ധതി - പോത്തൻകോട്, അഞ്ചൽ

SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും 2019 സെപ്റ്റംബർ 24-ന് വിവിധ തൊഴിൽ പദ്ധതികൾക്ക് വേണ്ടി പോത്തൻകോട് റീജണലിലെ 19 കുടുംബങ്ങൾക്ക് 2,66,954 രൂപയും,

അഞ്ചൽ റീജണലിലെ 8 കുടുംബങ്ങൾക്ക് 1,01,000 രൂപയും ധന സഹായം നൽകി.

## സെൻസ് ഇന്റർനാഷണൽ - രക്ഷാകർത്ത്യ പരിശീലന പരിപാടി കന്യാകുമാരി

സെൻസ് ഇന്റർ നാഷണൽ പദ്ധതി ബധിരാന്ധത കുട്ടികളുടെ രക്ഷാകർത്ത്യ പരിശീലന പരിപാടി 2019 സെപ്റ്റംബർ 23-ന് കന്യാകുമാരി കിരാത്തൂർ സെന്ററിൽ വച്ചു നടത്തുകയുണ്ടായി. റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ പ്രോജക്ട് കോർഡിനേറ്റർ ശ്രീ. എബിൻ പരിപാടിയിൽ കുട്ടികളുടെ വികസനങ്ങളെപ്പറ്റിയും, പുരോഗതിയെപ്പറ്റിയും സംസാരിക്കുകയുണ്ടായി. പരിപാടിയിൽ മെഡിക്കൽ ആന്റ് ന്യൂട്രീഷ്യൻ സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## സ്റ്റാഫ് മീറ്റിംഗ്

2019 സെപ്റ്റംബർ 25-ന് റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. ഓരോ പ്രോജക്ടുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## പദ്ധതി അവലോകനം

2019 സെപ്റ്റംബർ 27-ന് വിവിധ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യാൻ സർക്കാരിന്റെ പ്രതിനിധിയായ ശ്രീ. അനന്തു എം.എസ്സ്. എസ്സ്.എസ്സ്. സന്ദർശിച്ച് ചർച്ച നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 44 കുടുംബങ്ങൾക്ക് 5,55,954 രൂപയും വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 10,500 രൂപയും നൽകി.

## ഡയറക്ടേഴ്സ് മീറ്റ്

എം.സി.എ. ജില്ലാ ഡയറക്ടേഴ്സിന്റെയും മേജർ അതിഭദ്രാസന ഭാരവാഹികളുടെയും സംയുക്ത യോഗം 2019 ഓഗസ്റ്റ് 31 ശനിയാഴ്ച രാവിലെ 10 മണി മുതൽ അഞ്ചൽ സെന്റ് മേരീസ് ദൈവാലയത്തിൽ നടന്നു. മേജർ അതിഭദ്രാസന എം.സി.എ. കർമ്മപരിപാടികൾ വിലയിരുത്തി തുടർപരിപാടികൾ ക്രമീകരിച്ചു.

## മേജർ അതിഭദ്രാസന ജില്ലാ ഭാരവാഹികളുടെ സംഗമം

മേജർ അതിഭദ്രാസന മാനേജിംഗ് കമ്മിറ്റിയുടെയും ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ സംയുക്തയോഗം 2019 സെപ്റ്റംബർ 9-ന് തിങ്കളാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് ആയൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ ത്തിൽ വെച്ച് നടന്നു. ഇതിൽ മേഖലാ സമ്മേളനങ്ങൾ താഴെ പറയുന്ന തീയതികളിൽ നടക്കും. അടൂർ (28.09.2019, 2.00 pm - അടൂർ), തിരുവനന്തപുരം, നെടുമങ്ങാട് (29.09.2019, ഞായർ 4.00 pm - സെന്റ് മേരീസ് പാരിഷ് ഹാൾ, പട്ടം), അഞ്ചൽ, ആയൂർ, പുനലൂർ (05.10.2019, 2.00 pm - അഞ്ചൽ), കിളിമാനൂർ, കഴക്കൂട്ടം - (06.10.2019, 2.00 pm - പിരപ്പൻകോട്), കൊട്ടാരക്കര - (07.10.2019, 10.00 am - സെന്റ് മേരീസ് സ്കൂൾ, കിഴക്കേത്തെരുവ്).

## ശാന്തിയാത്ര

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 25-ാം ഓർമ്മപ്പെരുന്നാളിനോടനു ബന്ധിച്ച് 2019 ഒക്ടോബർ 9-ാം തീയതി വൈകുന്നേരം 3.00-ന് നാലാഞ്ചിറ സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ജപമാല, 3.30 മുതൽ 4.30 വരെ വിശുദ്ധ കുർബാനയുടെ ആരാധന, 4.30-ന് അനുസ്മരണ ധൂപപ്രാർത്ഥന, തുടർന്ന് 5.00 മണിക്ക് ശാന്തിയാത്ര പട്ടം കത്തീഡ്രൽ കബറിട ത്തിലേക്ക് നടക്കും. ഈ ശാന്തിയാത്രയിലും മറ്റു ശുശ്രൂഷകളിലും പ്രാർത്ഥനാ ചൈതന്യത്തോടെ പങ്കെടുക്കണമെന്ന് അഭ്യർ ത്ഥിക്കുന്നു.

# ആദരാഞ്ജലികൾ

## റവ. ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി.



തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വൈദികനായ **റവ. ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി.** 2019 സെപ്റ്റംബർ 19-ന് നിര്യാതനായി. ശവസംസ്കാരം 2019 സെപ്റ്റംബർ 20-ന് വൈകുന്നേരം 5.00-ന് നാലാഞ്ചിറ ബഥനി ആശ്രമ ചാപ്പലിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ശവസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ അന്തോണിയോസ്, എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

## റവ. സി. ഷന്താൾ ഡി.എം. (91)



മേരീമക്കൾ സന്ന്യാസിനിസമൂഹം തിരുവനന്തപുരം പ്രൊവിൻസ് അംഗമായ **റവ. സി. ഷന്താൾ ഡി. എം. (91)** നിര്യാതയായി. ശവസംസ്ക്കാരം 2019 സെപ്റ്റംബർ 22-ന് ഉച്ചകഴിഞ്ഞ് 2.30-ന് പോങ്ങുംമൂട് പ്രൊവിൻഷ്യൽ ഹൗസിൽ മേജർ അതിഭദ്രാസന മുഖ്യ വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പായുടെ കാർമ്മികത്വത്തിൽ നടന്നു. പോങ്ങുംമൂട്, നെല്ലിമൂട്, വെണ്ണിയൂർ, പള്ളിവാതുക്കൽ, അഞ്ചൽ, കൊട്ടാരക്കര എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

## ശ്രീ. റ്റി. റ്റി. മാത്യു (70)



തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. ജേക്കബ് ഇടയിലഴികത്തിന്റെ വത്സലപിതാവ് **ശ്രീ. റ്റി. റ്റി. മാത്യു (70)** 2019 സെപ്റ്റംബർ 9-ന് നിര്യാതനായി. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ശവസംസ്കാരശുശ്രൂഷകൾ 2019 സെപ്റ്റംബർ 12-ന് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ വാളകം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

## കുടുംബ പ്രേഷിത കാര്യാലയം

### വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2019 ഒക്ടോബർ 11, 12, 13 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2019 നവംബർ 8, 9, 10 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

# ഇടയനാളാഗമം

## സെപ്റ്റംബർ 2019

## (പ്രധാന പരിപാടികൾ)

**സെപ്റ്റംബർ 1**

ഉച്ചയ്ക്ക് 2.00-ന് കുറവിലങ്ങാട് നസ്രാണി സംഗമത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

വൈകുന്നേരം 5.00-ന് കുറവിലങ്ങാട് മർത്ത മറിയം സീറോ-മലബാർ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

**സെപ്റ്റംബർ 2**

രാവിലെ 10.00-ന് തിരുസന്നിധിയിൽ ക്രിസ്തീയ ഭക്തി ഗാന ആൽബമായ "പ്രാണൻ" ഓഡിയോ പ്രകാശനം ചെയ്തു.

ഉച്ചയ്ക്ക് 12.30-ന് പട്ടം സെന്റ് മേരീസ് സ്കൂളിലെ ഓണാഘോഷത്തിൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

**സെപ്റ്റംബർ 3**

രാവിലെ 10.00-ന് തിരുസന്നിധിയിൽ "സ്നേഹപൂർവ്വം ഒരു വീട്" എന്ന പദ്ധതിയോടനുബന്ധിച്ച് നടന്ന അഞ്ചൽ വൈദിക ജില്ലയിലെ ഉപഭോക്താക്കളുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചയ്ക്ക് 12.30-ന് സെന്റ് മേരീസ് റ്റി.റ്റി.ഐ. യിൽ നടന്ന ഓണാഘോഷത്തിൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

വൈകുന്നേരം 5.00-ന് തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ ഡോ. എം. വി. തോമസ് രചിച്ച "എം. വി. തോമസ് – ജീവിതം, എഴുത്ത്, അനുഭവം" എന്ന പുസ്തകം പ്രകാശനം ചെയ്തു.

**സെപ്റ്റംബർ 4**

ഉച്ചയ്ക്ക് 2.00-ന് മണർകാട് സെന്റ് മേരീസ് യാക്കോബായ ദൈവാലയത്തിൽ എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

## സെപ്റ്റംബർ 5

ഉച്ചയ്ക്ക് 2.00-ന് പിരപ്പൻകോട് സെന്റ് മദർ തെരേസ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ മൂറോൻ കൂദാശയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 5.00-ന് തിരുവനന്തപുരം പഴവങ്ങാടിയിൽ, ഗണേശോത്സവം ട്രസ്റ്റ് സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

## സെപ്റ്റംബർ 6

രാവിലെ 7.00-ന് പിരപ്പൻകോട് സെന്റ് മദർ തെരേസ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചയ്ക്ക് 12.30-ന് വട്ടപ്പാറ ശാന്തിമന്ദിരത്തിൽ എം.എസ്സ്. എസ്സ്.എസ്സ്. സംഘടിപ്പിച്ച ഓണാഘോഷത്തിൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

വൈകുന്നേരം 3.30-ന് തിരുസന്നിധിയിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ നിന്നും പാറശാല ഭദ്രാസനത്തിൽ നിന്നും പുതുതായി നിയമിതരായ അധ്യാപകരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

## സെപ്റ്റംബർ 7

വൈകുന്നേരം 5.00-ന് കൊറളിയോട് സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ പരി. ദൈവമാതാവിന്റെ നാമത്തിൽ നിർമ്മിച്ച കുരിശ്ശടിയുടെ കൂദാശാ കർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം 6.00-ന് കോഴിയോട് സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ പരി. ദൈവമാതാവിന്റെ നാമത്തിൽ നിർമ്മിച്ച കുരിശ്ശടിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

## സെപ്റ്റംബർ 8

രാവിലെ 8.30-ന് വയല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ പരി. ദൈവമാതാവിന്റെ

ജനനതിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 3.30-ന് സെനറ്റ് ഹാളിൽ മലങ്കര മാർത്തോമ്മാ സഭ തിരുവനന്തപുരം-കൊല്ലം ഭദ്രാസനാദ്ധ്യക്ഷൻ മോസ്റ്റ് റവ. ജോസഫ് മാർ ബർണബാസ് എപ്പിസ്കോപ്പായുടെ സപ്തതി ആഘോഷത്തിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 9**

രാവിലെ 9.00-ന് അഞ്ചൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 4.00-ന് മണ്ണൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ശ്രീ. ജെറിൻ ജോയിയുടെയും ശ്രീമതി സാനു ഷാജിയുടെയും വിവാഹ മനഃസമ്മത ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 10**

രാവിലെ 8.00-ന് പുന്നമൂട്, നിര്യാതനായ കുറ്റിയിൽ ശ്രീ. ഐസക്കിന്റെ ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

രാവിലെ 10.00-ന് തുവയൂരിൽ നിര്യാതനായ മുകളുവിള ശ്രീ. മത്തായിയുടെ ഭവനത്തിലെത്തി അനുശോചനം അറിയിച്ച് പ്രാർത്ഥിച്ചു.

**സെപ്റ്റംബർ 11**

രാവിലെ 8.00-ന് പോത്തൻകോട് ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറിയായി നിയമിതനായ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വിക്ക് തിരുസന്നിധിയിൽ സ്വീകരണം നൽകി.

വൈകുന്നേരം 4.00-ന് റവ. ഫാ. ജേക്കബ് ഇടയിലഴിക ത്തിന്റെ വത്സലപിതാവിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

**സെപ്റ്റംബർ 12-15**

കുവൈറ്റിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ - കുവൈറ്റ് റീജിയണിന്റെ 25-ാമത് വാർഷികാഘോഷങ്ങളിൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

**സെപ്റ്റംബർ 16**

ഉച്ചയ്ക്ക് 1.00-ന് തിരുസന്നിധിയിൽ ഓണാഘോഷത്തിൽ പങ്കെടുത്തു.

വൈകുന്നേരം 3.00-ന് പോത്തൻകോട് സെന്റ് തോമസ് സ്കൂളിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് പുതുതായി പണി കഴിപ്പിച്ച ഓഡിറ്റോറിയം കൂദാശ ചെയ്തു.

വൈകുന്നേരം 4.00-ന് പോത്തൻകോട് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ കൂദാശയ്ക്ക് കാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 17**

ഉച്ചയ്ക്ക് 12.30-ന് മാർ ഈവാനിയോസ് വിദ്യാനഗറിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന Auxiliary Staff ന്റെ യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

വൈകുന്നേരം 4.00-ന് പുനർനിർമ്മിച്ച മഞ്ഞമല സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

**സെപ്റ്റംബർ 18**

ഉച്ചയ്ക്ക് 12.00-ന് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ നടന്ന ദമ്പതീ ധ്യാനത്തിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 19**

രാവിലെ 9.00-ന് പുനരൈക്യ വാർഷികാഘോഷങ്ങളോടനുബന്ധിച്ച് കോട്ടയം ഗിരിദീപം മാർ ഈവാനിയോസ് നഗറിൽ നടന്ന സഭാതല യൂത്ത് കൺവെൻഷനിൽ മുഖ്യസന്ദേശം നൽകി.

രാവിലെ 10.00–ന് മാർ തെയോഫിലോസ് നഗറിൽ നടന്ന സഭാതല എം.സി.എ. സംഗമം ഉദ്ഘാടനം ചെയ്തു.

**സെപ്റ്റംബർ 20**

രാവിലെ 8.00–ന് 89–ാം പുനരൈക്യ വാർഷിക സഭാ സംഗമത്തിൽ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

തുടർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

രാവിലെ 11.00–ന് സഭാസംഗമത്തിന്റെയും ബഥനി ശതാബ്ദി ആഘോഷങ്ങളുടെയും പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം 5.00–ന് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ റവ. ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി. യുടെ ശവസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 22**

ഉച്ചകഴിഞ്ഞ് 3.30–ന് റോമിലെ മലങ്കര കൂട്ടായ്മയുടെ സംഗമത്തിൽ, അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ സ്ഥാനിക ദൈവാലയമായ റോമിലെ സാൻ ഗ്രിഗോറിയോ ദൈവാലയത്തിൽ വച്ച് വി. കുർബാന അർപ്പിച്ചു.

**സെപ്റ്റംബർ 23**

രാവിലെ 6.30–ന് വത്തിക്കാനിലെ സാന്താ മാർത്താ ചാപ്പലിൽ പരി. ഫ്രാൻസിസ് മാർപാപ്പായോടൊപ്പം വി. കുർബാന അർപ്പിച്ചു.

രാവിലെ 9.00–ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ മെത്രാപ്പോലീത്താ തിരുമേനിമാരോടൊപ്പം പരി. ഫ്രാൻസിസ് മാർപാപ്പയെ ഔദ്യോഗിക വസതിയിൽ സന്ദർശിച്ച് വി. പത്രോസിന്റെ പിൻഗാമിയോടുള്ള വിധേയത്വം പ്രഖ്യാപിക്കുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ശ്ലൈഹിക ആശീർവാദം സ്വീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 12.00–ന് സെക്രട്ടറി ഓഫ് സ്റ്റേറ്റ് കാര്യാലയത്തിൽ സന്ദർശനം നടത്തി.

വൈകുന്നേരം 4.00-ന് സഭൈക്യ ശുശ്രൂഷകൾക്ക് വേണ്ടി യുള്ള പൊന്തിഫിക്കൽ കൗൺസിൽ ഫോർ ക്രിസ്റ്റ്യൻ യൂണിറ്റി എന്ന തിരുസംഘത്തിൽ സന്ദർശനം നടത്തി.

**സെപ്റ്റംബർ 24**

രാവിലെ 9.30-ന് മതാന്തര സംവാദങ്ങൾക്കുവേണ്ടിയുള്ള തിരുസംഘം സന്ദർശിച്ചു.

11.30-ന് വിശ്വാസ തിരുസംഘം സന്ദർശിച്ചു.

വൈകുന്നേരം 4.30-ന് റോമിലെ വി. പൗലോസ് ശ്ലീഹായുടെ ബസിലിക്കായും കബറിടവും സന്ദർശിച്ച് പ്രാർത്ഥിച്ചു.

**സെപ്റ്റംബർ 25**

രാവിലെ 10.00-ന് വിശ്വാസ പ്രചാരണത്തിനായുള്ള തിരുസംഘം സന്ദർശിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷ പ്രഘോഷണവും അജപാലന പ്രവർത്തന ങ്ങളും വിലയിരുത്തി.

**സെപ്റ്റംബർ 26**

രാവിലെ 7.00-ന് സെന്റ് പീറ്റേഴ്സ് ബസിലിക്കായിലെ വി. പത്രോസ് ശ്ലീഹായുടെ കബറിങ്കൽ വി. കുർബാന അർപ്പിച്ചു.

11.00-ന് വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘം സന്ദർശിച്ചു.

വൈകുന്നേരം 7.00-ന് റോമിലെ ഡമഷീനോ കോളേജിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്ക ന്മാരുടെ ബഹുമാനാർത്ഥം നൽകിയ അത്താഴവിരുന്നിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 27**

രാവിലെ 9.00-ന് റോമിലെ ലാറ്ററൻ ബസിലിക്ക സന്ദർശിച്ച് പ്രാർത്ഥിച്ചു. തുടർന്ന് മരിയ മജോറെ ബസിലിക്കായിലെത്തി വി. കുർബാന അർപ്പിച്ചു.

ഉച്ചയ്ക്ക് 12.30-ന് പൗരസ്ത്യ തിരുസംഘം സന്ദർശിച്ചു.

# ജന്മദിനാശംസകൾ

## ഒക്ടോബർ 2019

02 - റവ. ഫാ. ഡാനിയേൽ കുളങ്ങര
04 - റവ. ഫാ. ജേക്കബ് കളിയന്താനം
- റവ. ഫാ. ജോഷ്വാ പാറയിൽ
05 - റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്
10 - റവ. ഫാ. സാമുവേൽ തോപ്പിൽ
13 - റവ. ഫാ. സാം റ്റി. ജോൺ തടത്തിൽ
21 - റവ. ഫാ. എബ്രഹാം ജോസഫ് കന്നിലേത്ത്
25 - റവ. ഫാ. ജോൺ വിളയിൽ

# പ്രാർത്ഥനയിൽ ഓർക്കാം

## ഒക്ടോബർ 2019

01 - റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ
09 - റവ. ഫാ. പത്രോസ് കീപ്പള്ളിൽ
- റവ. ഫാ. ഡാനിയേൽ പുത്തൻപുരയിൽ
10 - റവ. ഫാ. വർഗ്ഗീസ് കന്നിമേൽ
- റവ. ഫാ. ജോസഫ് വാഴപ്പിള്ളേത്ത്
- റവ. ഫാ. ഡാനിയേൽ അയ്യനേത്ത്
15 - റവ. ഫാ. പത്രോസ് കിഴക്കേവീട്ടിൽ
- റവ. ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലേൽ
23 - റവ. ഫാ. പി.റ്റി. ഗീവർഗീസ് പണിക്കർ
- റവ. ഫാ. മാത്യു തേക്കുംകാട്ടിൽ
26 - റവ. ഫാ. ചാക്കോ മുണ്ടപ്പള്ളി
- റവ. ഫാ. ഗീവർഗ്ഗീസ് തടത്തിൽ
30 - റവ. ഫാ. തോമസ് പാലത്തുംതലക്കൽ

# സ്മരണീയ ദിനങ്ങൾ

## 2019 ഒക്ടോബർ

| | | |
|---|---|---|
| 1 | ചൊവ്വ | **വി. കൊച്ചുത്രേസ്യാ** |
| 2 | ബുധൻ | കാവൽ മാലാഖമാർ |
| 3 | വ്യാഴം | അരിയോപാഗസിലെ മാർ ദിവന്നാസിയോസ് |
| 4 | വെള്ളി | വി. ഫ്രാൻസിസ് അസീസ്സി<br>മാർ ദുമാത്തിയോസ് |
| 5 | ശനി | വി. ഫൗസ്റ്റിന |
| 6 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ**<br>**മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം** |
| 7 | തിങ്കൾ | മാർ സർഗീസും മാർ ബാക്കോസും<br>ജപമാലത്തിരുനാൾ |
| 9 | ബുധൻ | ഗോത്രപിതാവായ അബ്രഹാം |
| 10 | വ്യാഴം | **അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മ (1994)**<br>ദാനിയേൽ നിബിയാ |
| 11 | വെള്ളി | മാർ പീലിപ്പോസ് ശെമ്മാശൻ<br>വി. ജോൺ 23-ാം മാർപാപ്പാ |
| 13 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം അഞ്ചാം ഞായർ**<br>മാർ കാർപ്പോസ് |
| 15 | ചൊവ്വ | ആവിലായിലെ വി. അമ്മത്രേസ്യാ |
| 17 | വ്യാഴം | സുവിശേഷകനായ വി. ലൂക്കോസ് |
| 20 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായർ**<br>**മിഷൻ ഞായർ**<br>ജോയേൽ നിബിയ |
| 22 | ചൊവ്വ | മാർ ഹിലാരിയോൻ<br>വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ |
| 23 | ബുധൻ | **ഹൽപെയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹാ** |
| 27 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം ഏഴാം ഞായർ** |
| 28 | തിങ്കൾ | **ബത്തേരി ഭദ്രാസന സ്ഥാപന ദിനം (1978)** |

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## ഒക്ടോബർ 2019

| | | | | |
|---|---|---|---|---|
| 2 | 7.00 | am | - | മഞ്ഞാടിമുക്ക് |
| | 11.30 | am | - | ചേത്തോങ്കര |
| | 4.00 | pm | - | തിരുവല്ല, കെ.സി.വൈ.എം. മീറ്റിംഗ് |
| 4 | 3.30 | pm | - | പാളയം ബസിലിക്ക (ദൈവാലയ മൂറോൻ കൂദാശ) |
| 5 | 6.30 | am | - | പാളയം ബസിലിക്ക - വി. കുർബാന |
| | 10.30 | am | - | മാർ ഈവാനിയോസ് കോളേജ് |
| | 5.00 | pm | - | വട്ടപ്പാറ, ഫ്രാൻസിസ്കൻ ആശ്രമം |
| 6 | 7.00 | am | - | പാറോട്ടുകോണം - ദൈവാലയ കല്ലിടീൽ |
| | 2.00 | pm | - | കാതോലിക്കേറ്റ് സെന്റർ |
| 7 | 10.00 | am | - | തുമ്പമൺ |
| 8-9 | | | - | കാതോലിക്കേറ്റ് സെന്റർ, സഭാ അസംബ്ലി |
| 10 | | | - | ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് ഓർമ്മപ്പെരുന്നാൾ |
| 11 | 10.00 | am | - | മാർ ബസേലിയോസ് കോളേജ് |
| 12 | 9.00 | am | - | അഞ്ചൽ |
| | 10.00 | am | - | അഞ്ചൽ, സെന്റ് ജോൺസ് കോളേജ് |
| | 3.00 | pm | - | കടമാൻകുളം |
| 15-20 | | | - | ഓസ്ട്രേലിയ |
| 26 | 6.30 | am | - | കത്തീഡ്രൽ |
| | | | - | റീജണൽ ഡോക്ടേഴ്സ് മീറ്റ് |
| 27 | 6.30 | am | - | മണ്ണന്തല |
| | 4.00 | pm | - | നെടുമങ്ങാട് വൈദികജില്ലാ കൺവെൻഷൻ |

ഒക്ടോ. 28 - നവം.1 - വൈദികധ്യാനം

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2019

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

**"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും."** (അ. പ്ര. 1:8)

യേശുക്രിസ്തുവിൽ പ്രിയ യുവജന സുഹൃത്തുക്കളെ,

എല്ലാ വർഷവും, മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജനദിനം ആഘോഷിക്കുന്നത് വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുന്നാളിനു ശേഷം വരുന്ന ഞായറാഴ്ചയാണ്. ഈ വർഷം അത് ഒക്ടോബർ 6-ാം തീയതിയാണ്. വി. കുർബാനയോടും മറ്റു ആത്മീയ പരിപാടികളോടുംകൂടെ ആ ദിവസം സമുചിതമായി നമുക്ക് ആചരിക്കാം. ഈ പ്രത്യേക ദിനത്തിൽ എല്ലാ എം.സി.വൈ.എം. അംഗങ്ങൾക്കും യുവജനദിനത്തിന്റെ അനുഗ്രഹങ്ങൾ നേരുകയും യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനായി മറ്റുള്ളവരെ ഞാൻ ക്ഷണിക്കുകയും ചെയ്യുന്നു. 2018-ൽ യുവജനങ്ങൾക്കായി സംഘടിപ്പിച്ച സുന്നഹദോസിനെത്തുടർന്ന് പരി. ഫ്രാൻസിസ് മാർപാപ്പാ പ്രസിദ്ധീകരിച്ച ക്രിസ്തു ജീവിക്കുന്നു (*Christus vivit*) എന്ന അപ്പസ്തോലിക പ്രബോധനം വായിക്കാൻ ഞാൻ യുവസുഹൃത്തുക്കളെ ക്ഷണിക്കുന്നു.

**പ്രഥമ സഭാ അസംബ്ലിയും ഉപരി പ്രവർത്തനങ്ങളും**

2019 ഒക്ടോബർ 8 മുതൽ 10 വരെ നടക്കുന്ന ദ്വിതീയ സഭാ അസംബ്ലിയുടെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ യുവജനദിനം നാം ആഘോഷിക്കുന്നത്. 2011-ൽ നടന്ന പ്രഥമ സഭാ അസംബ്ലിയിൽ നമ്മുടെ സഭ ശ്രദ്ധ കേന്ദ്രീകരിച്ചത് സുവിശേഷീകരണ മിഷൻ പ്രവർത്തനത്തെക്കുറിച്ചായിരുന്നു. ദൈവപരിപാലന

യിലൂടെയും മാർ ഈവാനിയോസ് പിതാവിന്റെ നിരന്തരമായ മാദ്ധ്യസ്ഥത്തിലുള്ള ശാക്തീകരണത്തിലൂടെയും, ഇദംപ്രഥമമായി നടന്ന അസംബ്ലിയ്ക്കുശേഷം, ഇന്ത്യയിൽ എല്ലായിടത്തും സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെടാനുള്ള പ്രകടമായ അനുമതിയോടുകൂടി ഗുഡ്ഗാവ് ഭദ്രാസനവും ഘട്കി പൂനെ എക്സാർകേറ്റും രൂപീകരിച്ചതിലൂടെ നമ്മുടെ സഭ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഈ മഹാരാജ്യത്തിന്റെ എല്ലാ കോണുകളിലും "സുവിശേഷം പ്രഘോഷിക്കാനും" (മർക്കോ 16:15) "ശിഷ്യന്മാർ ആക്കാനുമുള്ള" (മത്താ 28:19) ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന യുവസുവിശേഷ പ്രഘോഷകരെയും പ്രബോധകരെയും കാണുന്നതിൽ സഭ അർഹമായ അഭിമാനം കൊള്ളുന്നു. ആനുകാലിക കാലഘട്ടത്തിലെ നമ്മുടെ സഭാ ജീവിതത്തിലെ നാഴികകല്ലായിരുന്നു സുവിശേഷ സംഘത്തിന്റെ സ്ഥാപനം. ഇന്ന്, ദൈവവചനവും നമ്മുടെ സഭയുടെ പാരമ്പര്യങ്ങളും അടിസ്ഥാനമാക്കിയ ഒരു ആദ്ധ്യാത്മികത ജീവിക്കാനും സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപരിക്കാനുമായി അനേകം മലങ്കരക്കാർ വ്യക്തിപരമായി മുന്നോട്ടു വരുന്നു.

ഉത്തരാധുനിക ലോകത്തിൽ കുടുംബം അസാധാരണ ചടുലമാറ്റത്തിന്റെ കാലഘട്ടത്തിലൂടെ കടന്നുപോകുന്നു എന്നത് ഒരു സാധാരണ അറിവാണ്. അനിയന്ത്രിതമായ വ്യക്തിമാഹാത്മ്യവാദത്തോടൊപ്പം ആശയപരവും സാസ്ക്കാരികവുമായ വൈദേശികാധിപത്യവും ഒരുപരിധി വരെ കുടുംബജീവിതത്തെ താറുമാറാക്കുകയാണ്. തകർന്നതും വേർപെട്ടതുമായ കുടുംബങ്ങളുടെ എണ്ണത്തിലുള്ള കുത്തനേയുള്ള വർദ്ധനവ് നാം അഭിമുഖീകരിക്കേണ്ട ഗൗരവമായ പ്രശ്നമാണ്. ഈ സാഹചര്യത്തിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2019 ഒക്ടോബർ 8 മുതൽ 10 വരെ നടക്കുന്ന ദ്വിതീയ അസംബ്ലിയുടെ പ്രമേയമായി കുടുംബം തെരഞ്ഞെടുത്തത്. "കൃപനിറയുന്ന കുടുംബങ്ങൾ" എന്ന പഠനരേഖ പ്രസിദ്ധീകരിച്ചുകൊണ്ട് വിശ്വാസ വെളിച്ചത്തിൽ വിവാഹവും കുടുംബജീവിതവും ചർച്ചചെയ്യാനായി എല്ലാ മലങ്കര സുറിയാനി കത്തോലിക്കാ കുടുംബങ്ങളെയും ക്ഷണിക്കുകയാണ്.

**സാധാരണ കുടുംബങ്ങളിൽ നിന്ന് കൃപനിറയുന്ന കുടുംബങ്ങളിലേയ്ക്ക്**

കുടുംബങ്ങളുടെ സുസ്ഥിരതയാണ് സഭയുടേയും സമൂഹത്തിന്റെയും സുസ്ഥിരതയ്ക്ക് അടിസ്ഥാനം. നമ്മുടെ ഇപ്പോഴത്തെ പ്രതിസന്ധിയിൽ, വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമുള്ള വേദപുസ്തക ദർശനത്തിന്റെ പുനർ കണ്ടെത്തൽ പ്രധാന

പ്പെട്ടതാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സൂചിപ്പിച്ചതു പോലെ, "ദൈവം തന്റെ അഗാധമായ രഹസ്യത്തിൽ ഒരു കുടുംബമാണ്." ത്രിയേകദൈവം സ്നേഹത്തിന്റെ കൂട്ടായ്മയും, ഭൂമിയിലെ കുടുംബങ്ങൾ അതിന്റെ സജീവമായ പ്രതിഫലനങ്ങളുമാണ്. ദൈവം നമ്മെ സൃഷ്ടിച്ചത് ദൈവപിതാവിന്റെ പുത്രന്മാരും പുത്രിമാരുമായും ക്രിസ്തുവിന്റെ മണവാട്ടികളുമായി അവിടുത്തെ ദൈവീകജീവനിൽ പങ്കുകാരാകാനാണ്.

കുടുംബം 'സഭയുടെ ചെറുപതിപ്പാണ്' എന്നു നാം ഓർക്കണം. കുടുംബം - അതിലെ അംഗങ്ങളുടെ മാമോദീസായിലൂടെ- സഭയുടെ ജീവനിലും ദൗത്യത്തിലും പങ്കാളിയാകുകയും അങ്ങനെ അത് സഭയുടെ മൂർത്തഭാവമായി തീരുകയും ചെയ്യുന്നു. ആയതിനാൽ രണ്ടാം വത്തിക്കാൻ സുന്നഹദോസ് കുടുംബത്തെ വിശേഷിപ്പിക്കുന്നത് ഗാർഹിക സഭ എന്നാണ്. ക്രിസ്തുവിൽ മാമോദീസാ സ്വീകരിക്കുന്നതിലൂടെ പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളുടെയും ഹൃദയങ്ങളിൽ വസിക്കുകയും അങ്ങനെ അത് ദൈവാലയത്തിലെ ദൈവത്തിന്റെ സാന്നിദ്ധ്യത്തിനു (1 കോറി 3:16) സാദൃശ്യമാവുകയും ചെയ്യുന്നു. കുടുംബം, ഏതൊന്നിന്റെ അംഗങ്ങൾ ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്നുവോ, പരിശുദ്ധാത്മാവ് സജീവമായി അതിലെ അംഗങ്ങളുടെ രക്ഷയും വിശുദ്ധീകരണവും (1 കോറി 7:10-) കൊണ്ടുവരുന്ന ഒരു പ്രത്യേക സ്ഥലമായിത്തീരുന്നു. ഓരോ ക്രിസ്ത്യാനിയുടേയും ഹൃദയത്തിൽ ദൈവം തന്റെ സ്നേഹം പരിശുദ്ധാത്മാവിൽ വർഷിക്കുന്നു. വിശ്വാസികളിലെ പരിശുദ്ധാത്മാവിന്റെ ഈ സഹവാസത്തെയാണ് 'കൃപ' (യോഹ 14:15-17) എന്ന് വിളിക്കുന്നത്. ദമ്പതികൾ കൃപ പ്രാപിക്കുന്നത് വിവാഹമെന്ന കൂദാശയിലൂടെയാണ്. വിവാഹ കൂദാശയിലെ പരസ്പരമുള്ള ആത്മദാനവും ദമ്പതികളിൽ പ്രവർത്തനനിരതമാകുന്ന ക്രിസ്തുവിന്റെ കൃപയുമാണ് അവരുടെ ഐക്യത്തെ നിലനിർത്തുന്നത്. ഈ കൃപയാണ് വിശുദ്ധിയിൽ വളരാനും അവരുടെ കുഞ്ഞുങ്ങളെ വിശുദ്ധിയിൽ വളർത്താനും അവരെ ശക്തരാക്കുന്നത്. ചുരുക്കത്തിൽ, ഓരോ കുടുംബവും 'കൃപനിറയുന്ന കുടുംബങ്ങൾ' ആകാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ ശ്രദ്ധിക്കുക**

വസ്തുനിഷ്ഠാപരമായ സത്യമില്ലെന്നും എന്നാൽ ആത്മനിഷ്ഠാപരമായ സത്യം മാത്രമേ ഉള്ളൂ എന്നും പഠിപ്പിക്കുന്ന ആപേക്ഷികതാവാദമെന്ന തത്വശാസ്ത്രമാണ് ഇന്ന്, നമ്മുടെ സമൂഹത്തെ ഏറെ സ്വാധീനിക്കുന്നത്. എന്താണ് നന്മയെന്നോ തിന്മയെന്നോ

തീരുമാനിക്കുന്നത് വ്യക്തികളാണ് അല്ലാതെ വസ്തുനിഷഠാപര മായ നിലവാരത്തിലല്ല. ജീവിതാവസാനത്തോളം നിലനിൽക്കുന്ന വിവാഹ-കുടുംബജീവിത സമർപ്പണത്തിലേയ്ക്ക് പ്രവേശിക്കാൻ ധാരാളംപേർ വിമുഖരാണെന്നതിൽ നിന്ന് ആപേക്ഷികതാവാദ സംസ്ക്കാരത്തിന്റെ തകിടം മറിക്കുന്ന ഫലങ്ങൾ സുവ്യക്തമാണ്. ദൈവസ്നേഹത്തിന്റെ പദ്ധതിയായി വിവാഹത്തെ മനസിലാക്കു ന്നതിൽ പലരും പരാജയപ്പെടുന്നു. വിവാഹപൂർവ്വ ബന്ധം, വിവാ ഹേതിര ബന്ധം, സ്വവർഗ ബന്ധങ്ങൾ, സഹവസിക്കുന്ന ബന്ധ ങ്ങൾ (live-in relationship), ഒരു രാത്രി ബന്ധം (one-night stands) എന്നിവ ഭൗതീകവത്ക്കരിക്കപ്പെട്ടിരിക്കുന്ന ഈ സമൂഹങ്ങളിൽ കൂടുതൽ സ്വീകാര്യമായിക്കൊണ്ടിരിക്കുന്നു. ഇന്റർനെറ്റ്, അശ്ലീല ചിത്രങ്ങൾ, മദ്യം-മയക്കുമരുന്നുകൾ എന്നിവയ്ക്ക് അടിമയാ കുന്നതിലൂടെ ഉണ്ടാകുന്ന പ്രശ്നങ്ങൾ കുടുംബത്തിന്റേയും സമൂ ഹത്തിന്റേയും സ്വസ്ഥത നശിപ്പിക്കുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം ഓർക്കേണ്ടത്, സത്യം വസ്തുനിഷ്ഠാപരമാണ്, കാരണം, ഇത് ദൈവത്തിൽ നിന്ന് വരുന്നതാണ്. യേശുക്രിസ്തു പറഞ്ഞു, "ഞാനാണ് സത്യം" (യോഹ 14:6)

നാം ചെയ്യേണ്ട ഏക കാര്യം പരിശുദ്ധാത്മാവിന്റെ പ്രചോദന ങ്ങളെ ശ്രദ്ധിക്കുക എന്നതാണ്. അതിനായി ദൈവ വചനം ദിനം പ്രതി വായിക്കുകയും അതിനെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യണം. ദൈവവചനം നമ്മുടെ വഴികളിലെ വെളിച്ചമാണ് (സങ്കീ 119:105). അത് ഫലദായകവും ജീവദായകവുമാണ് (യോഹ 6:63). ദൈവ വചനത്തിന്റെ പരിവർത്തനാത്മകമായ ശക്തിയിൽ നാം വിശ്വ സിക്കണം. വി. ബൈബിളിൽ നാം കണ്ടുമുട്ടുന്ന മോശ, ജെറമിയാ, പൗലോസ്, പത്രോസ് എന്നിവരെപ്പോലെയുള്ള വിശ്വാസത്തിന്റ നെടുംതൂണുകളായ വ്യക്തികൾ ദൈവവചനത്താൽ പരിവർത്തനം ചെയ്യപ്പെട്ടവരാണ്. അവർ ബലഹീനരും ദുർബലരുമായിരുന്നു, എന്നാൽ ദൈവവചനം അവരെ പരിവർത്തനം ചെയ്ത് പല ജന ങ്ങൾക്കും ദേശങ്ങൾക്കും ദൈവവചനത്തിന്റെ സ്ഥാനപതികളാക്കി. ദൈവവചനത്തിന്റെ പരിവർത്തനാത്മകമായ ശക്തി നമ്മുടെ ജീവി തത്തിൽ അനുഭവിച്ചറിയാൻ എല്ലാ എം.സി.വൈ.എം അംഗങ്ങ ളേയും താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഞാൻ ആഹ്വാനം ചെയ്യുന്നു:

**1. ദൈവവചനം ശ്രവിക്കുകയും വായിക്കുകയും ചെയ്യാം.** വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമപ്പെടുത്തുന്നു, വിശ്വാസം ജനിക്കു

ന്നത് കേൾവിയിൽ നിന്നാണ് (റോമ 10:17-18). നമ്മുടെ ഹൃദയത്തിൽ മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്ക് കാതോർക്കുന്നതിലൂടെ നമ്മുടെ യഥാർത്ഥമായ വിളി നമുക്ക് തിരിച്ചറിയാനാകും.

**2. സജീവമായി വി. കുർബാനയിൽ നമുക്ക് പങ്കാളികളാകാം.** വി. കുർബാനയിൽ ദൈവവചനം കേൾക്കുക മാത്രമല്ല, അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും അനുഭവിച്ചറിയാനും സാധിക്കും.

**3. ദൈവവചനത്തിന്റെ പരിവർത്തനാത്മകമായ ശക്തിയിൽ വിശ്വസിക്കുന്നതുപോലെതന്നെ നമ്മുടെ ജീവിതത്തിൽ ദൈവവചനം ആവശ്യപ്പെടുന്നവ പ്രാവർത്തികമാക്കാനും നാം പരിശ്രമിക്കണം.** "നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ" (യാക്കോ 1:22) എന്ന് വി. യാക്കോബ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. പരി. ഫ്രാൻസിസ് മാർപാപ്പാ വലിയ പ്രത്യാശയോടും ഉത്സാഹത്തോടുംകൂടി യുവജനങ്ങളെ ഉറ്റുനോക്കിക്കൊണ്ട് "മാറ്റത്തിന്റെ പോരാളികളാകാൻ" അവരെ ആഹ്വാനം ചെയ്യുന്നു. ഈ ലോകത്തിൽ ഒരു മാറ്റം കൊണ്ടുവരാൻ നാം പരിശ്രമിക്കുന്നതിനു മുമ്പ് നമ്മുടെ ഉള്ളിൽ ഒരു പരിവർത്തനം ആദ്യം നമുക്ക് ആവശ്യമാണ്. നമ്മുടെ മനോഭാവത്തിൽ, ചിന്തകളിൽ, ബോദ്ധ്യങ്ങളിൽ മാറ്റം കൊണ്ടുവരാൻ ക്രിസ്തുവിനെ നാം അനുവദിക്കണം. സുവിശേഷവത്ക്കരിക്കപ്പെട്ട ക്രിസ്ത്യാനിക്കു മാത്രമേ മറ്റുള്ളവരെ സുവിശേഷീകരിക്കാൻ സാധിക്കുകയുള്ളൂ, അങ്ങനെ മാറ്റത്തിന്റെ പോരാളിയാകാമെന്ന് നമുക്ക് പ്രത്യാശിക്കാം.

അവസാനമായി, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലിക പ്രബോധനത്തിൽ യുവക്രൈസ്തവരോട് പരി. ഫ്രാൻസിസ് മാർപാപ്പാ ആവശ്യപ്പെടുന്ന രണ്ടുകാര്യങ്ങൾ എടുത്തുകാട്ടാൻ ഞാനാഗ്രഹിക്കുന്നു. "ധിക്ഷണാശാലികളായ മിഷണറിമാരും", "മാറ്റത്തിന്റെ പോരാളികളും" ആകാൻ പരിശുദ്ധ പിതാവ് നമ്മെ ആഹ്വാനം ചെയ്യുന്നു. അതുപോലെ, മാർപാപ്പാ ഊന്നിപ്പറയുന്നതെന്തെന്നാൽ, സുവിശേഷം, "ആദ്യം പ്രസംഗിക്കേണ്ടത് സാക്ഷ്യത്തിലൂടെയും തുടർന്ന് സാവധാനം വാക്കുകളിലൂടെയും" ആയിരിക്കണം. എന്നെത്തേയും പോലെ സഭയ്ക്ക് ഇന്നും യുവക്രൈസ്തവരിലെ വിശ്വസനീയരായ സാക്ഷികളെ ആവശ്യമുണ്ട്. ധിക്ഷണാശാലികളായ ഒരു മിഷണറിയാകുക എന്നാൽ നമ്മുടെ

നല്ല സുഹൃത്തായ യേശുക്രിസ്തുവിന്റെ കരങ്ങളിലേയ്ക്ക് പൂർണ മായി ഒരുവനെ നൽകുക എന്നതാണ്.

ആധുനിക കാലഘട്ടത്തിലെ കത്തോലിക്കാ മിഷൻ പ്രവർത്ത നങ്ങളുടെ മുൻഗണനകൾ നിശ്ചയിച്ച പരി. ബനഡിക്ട് 15-ാമൻ മാർപാപ്പായുടെ മാക്സിമും ഇല്ലൂഡ്(*Maximum illud*) എന്ന അപ്പ സ്തോലിക തിരുവെഴുത്തിന്റെ നൂറാം വാർഷികാഘോഷത്തോട നുബന്ധിച്ച് പരിശുദ്ധ പിതാവ് പ്രഖ്യാപിച്ച ഒക്ടോബർ മാസ ത്തിലെ അസാധാരണ മിഷൻ മാസത്തിലേയ്ക്ക് ഞാൻ നിങ്ങ ളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഈ അസാധാരണ മിഷൻ മാസ ത്തിനുവേണ്ടി, ഫ്രാൻസിസ് മാർപാപ്പാ തെരഞ്ഞെടുത്ത പ്രമേയം, 'മാമോദീസാ സ്വീകരിച്ചവരും അയയ്ക്കപ്പെട്ടവരും: ക്രിസ്തുവിന്റെ സഭ ഈ ലോകത്തിലെ മിഷൻപ്രവർത്തനത്തിൽ' എന്നതാണ്. മാമോദീസാ സ്വീകരിച്ചു എന്നതിനാൽ തന്നെ എല്ലാ എം.സി.വൈ.എം. അംഗങ്ങളും മിഷൻ ദൗത്യവുമായി അയയ്ക്കപ്പെട്ടവരാണ്; ക്രിസ്തു സ്നേഹത്തിന്റെ ധൈര്യശാലികളായ മിഷണറിമാരായി.

സഭാതലത്തിലെ യുവജനദിന പരിപാടികൾ പുത്തൂർ ഭദ്രാ സനത്തിൽ വച്ച് ഒക്ടോബർ 6-ാം തീയതി നടക്കുന്നതാണ്. ആ ദിവസത്തെ കാഴ്ചസമർപ്പണം ഭദ്രാസന സാമ്പത്തിക കാര്യാലയ ത്തിൽ അടയ്ക്കണമെന്ന് ഏവരേയും ഞാൻ ഓർമപ്പെടുത്തുന്നു. പ്രസ്തുത തുകയുടെ പകുതി ഭദ്രാസനങ്ങളിലെ യുവജന ശുശ്രൂ ഷയ്ക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്. മറുപകുതി സഭാതല ത്തിലെ യുവജനശുശ്രൂഷയ്ക്കു വേണ്ടി വിനിയോഗിക്കാനായി മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ കൊടുക്കണമെന്ന് ഭദ്രാസന ഫിനാൻസ് ഓഫീസർമാരെ ഓർമിപ്പിക്കുന്നു.

ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ.

**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**
ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

20-09-2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

*N.B: ഈ സർക്കുലർ ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി
കൂദാശ ചെയ്ത പരിശുദ്ധ ദൈവമാതാവിന്റെ
നാമത്തിലുള്ള കുരിശ്ശടി (07 – 09 – 2019, കോഴിയോട്)



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി
കൂദാശ ചെയ്ത മഞ്ഞമല
സെന്റ് ജൂഡ് ദൈവാലയ മദ്ബഹാ (17 – 09 – 2019)



മാർ ഈവാനിയോസ് വിദ്യാനഗറിലെയും പട്ടം സെന്റ് മേരീസ് ക്യാമ്പസിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ
ഓക്സിലറി സ്റ്റാഫുകളുടെ സംഗമം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി
ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കുന്നു.
(17 – 09 – 2019, നാലാഞ്ചിറ, മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ)



അത്യഭിവന്ദ്യ കാതോലിക്കാബാവാ കൂദാശ ചെയ്ത
പിരപ്പൻകോട് സെന്റ്. മദർ തെരേസാ ദൈവാലയം. (05 – 09 – 2019)



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത
പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശ്ശടി (07 – 09 – 2019, കൊറളിയോട്)

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116